بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

ലക്കം 33

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ആഗസ്റ്റ് 18/ഹി.ശം. 1401 ളുഹൂർ 18/ഹിജ്റ 1444 മുഹർറം 19

## അല്ലാഹുവിന്റെ വചനം

وَمَا تَنۡقِمُ مِنَّاۤ اِلَّاۤ اَنۡ اٰمَنَّا بِاٰیٰتِ
رَبِّنَا لَمَّا جَآءَتۡنَا ؕ رَبَّنَاۤ اَفۡرِغۡ عَلَیۡنَا
صَبۡرًا وَّتَوَفَّنَا مُسۡلِمِیۡنَ ○
(سُوۡرَۃُ الۡاَعۡرَافِ: ۱۲۷)

'ഞങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങൾ ഞങ്ങൾക്കു വന്നു കിട്ടിയപ്പോൾ ഞങ്ങൾ അതിൽ വിശ്വസിച്ചുവെന്നതല്ലാതെ ഞങ്ങളിൽനിന്ന് കുറ്റകരമായി ഒന്നും നീ കാണുന്നില്ല.(അവർ പ്രാർഥിച്ചു): ഞങ്ങളുടെ നാഥാ! നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ! അനുസരണമുള്ളവരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ.'(7:127)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### വില്ക്കുന്നവനും വാങ്ങുന്നവനും സത്യം പറഞ്ഞാൽ!

(2079) ഹദ്റത്ത് ഹക്കീം ബിൻ ഹസാം[റ] നിവേദനം. നബി[സ]തിരുമേനി പറഞ്ഞു: വാങ്ങുന്നവനും വിൽക്കുന്നവനും കച്ചവട സ്ഥലത്തുനിന്ന് വേർപിരിയുന്നതുവരേക്കും ആ കച്ചവടം ദുർബലപ്പെടുത്താനവകാശമുണ്ട്. അവർ രണ്ടുപേരും യാഥാർഥ്യം തുറന്നു പറയുകയും വസ്തുതകൾ വിശദീകരിക്കുകയും ചെയ്യുന്ന പക്ഷം അവരുടെ ഇടപാടിൽ നന്മയുണ്ടാകും. ചരക്കിന്റെ കേടുപാടുകൾ മറച്ചുവെക്കുകയും കള്ളം പറയുകയും ചെയ്താലോ അവരുടെ കച്ചവടത്തിലെ ബർക്കത്തു നഷ്ടപ്പെടും.

### ക്ഷണിക്കപ്പെടാതെ ആരെങ്കിലും കൂടെ വന്നാൽ

(2081) ഹദ്റത്ത് അബൂമസ്ഊദ്[റ] പറയുന്നു: അബൂ ശുഅയ്ബ് എന്നു വിളിക്കപ്പെടുന്ന ഒരു അൻസ്വാരി വന്ന് തന്റെ കശാപ്പുകാരനായ അടിമയോടു പറഞ്ഞു: നീ അഞ്ചുപേർക്ക് മതിയാകുന്ന ഭക്ഷണം എനിക്കുവേണ്ടി തയ്യാറാക്കുക. അഞ്ചിൽ ഒരുവനായിക്കൊണ്ട് നബി[സ]തിരുമേനിയെ ക്ഷണിക്കാൻ ഞാനുദ്ദേശിക്കുന്നു. നിശ്ചയം വിശപ്പു ഞാൻ നബി[സ]തിരുമേനിയുടെ മുഖത്ത് ദർശിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം അവരെ വിളിച്ചു. നബി[സ]തിരുമേനിയുടെ കൂടെ ക്ഷണിക്കാത്ത ഒരാളും പുറപ്പെട്ടു. അപ്പോൾ നബി[സ]തിരുമേനി പറഞ്ഞു, ഇദ്ദേഹം ഞങ്ങളെ അനുഗമിച്ചതാണ്. താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ അദ്ദേഹത്തിന് സമ്മതം നല്കുക. തിരിച്ചു പോകാനാണ് താങ്കളുദ്ദേശിക്കുന്നതെങ്കിൽ അദ്ദേഹം തിരിച്ചുപോകും. അദ്ദേഹം പറഞ്ഞു: ഞാൻ അയാൾക്ക് സമ്മതം നല്കിയിരിക്കുന്നു. തിരിച്ചുപോകേണ്ടതില്ല.*(ബുഖാരി കിതാബുൽബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)*

## ഖുർആനിക ജ്ഞാനങ്ങളുടെ വെളിപ്പെടലിന് തഖ്‌വാ നിബന്ധനയാണ്. ഭൗതികവും ആചാരപരവുമായ ജ്ഞാനങ്ങൾ കരസ്ഥമാക്കുന്നതിന് തഖ്‌വാ നിബന്ധനയല്ല.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

യഥാർഥത്തിൽ ആത്മാവിന്റെ സംതൃപ്തിയും വയറുനിറയുന്നതിനുള്ള വസ്തുക്കളും അതിന് യഥാർഥമായ ആവശ്യം പൂർത്തിയാകാനുള്ള കാര്യവും വിശുദ്ധ ഖുർആനിൽത്തന്നെയുണ്ട്. അല്ലാഹു പറഞ്ഞു: ***ഹുദൻല്ലിൽ മുത്തഖീൻ*** മറ്റൊരിടത്തു പറഞ്ഞു: ***ലാ യമസ്സുഹൂ ഇല്ലൽ മുത്വഹ്ഹറൂൻ*** (56:80)പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇതു സ്പർശിക്കുകയില്ല. മുതഹ്ഹറൂൻ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഹുദൻല്ലിൽ മുത്തഖീൻ എന്നതിൽ വിവരിക്കപ്പെട്ടിട്ടുള്ള മുത്തഖീനാണ്. ഇതിൽനിന്ന് ഖുർആനിക ജ്ഞാനങ്ങളുടെ വെളിപ്പെടലിന് തഖ്‌വാ നിബന്ധനയാണെന്ന് വ്യക്തമായും മനസ്സിലായി. ഭൗതികമായ ജ്ഞാനങ്ങൾക്കും ഖുർആനിന്റെ ജ്ഞാനങ്ങൾ കരസ്ഥമാകുന്നതിനുമിടയിൽ ഒരു വലിയ വ്യത്യാസമുണ്ട്. ഭൗതികവും ആചാരപരവുമായ ജ്ഞാനങ്ങൾ കരസ്ഥമാക്കുന്നതിന് തഖ്‌വാ നിബന്ധനയല്ല. സ്വർഫും നഹ്‌വും പ്രകൃതിശാസ്ത്രവും തത്ത്വശാസ്ത്രവും വാനശാസ്ത്രവും വൈദ്യശാസ്ത്രവും പഠിക്കുന്നതിന് നോമ്പും നമസ്കാരവും അനുഷ്ഠിക്കുന്നവനായിരിക്കണമെന്നും വിധിവിലക്കുകൾ എപ്പോഴും മുന്നിൽ കാണണമെന്നും എല്ലാ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ കല്പനകൾക്ക് വിധേയമായിരിക്കണമെന്നും നിബന്ധനയൊന്നുമില്ല. പ്രത്യുത ചിലപ്പോൾ ചിലപ്പോഴെന്ത് പൊതുവെ കാണുന്നത് ഭൗതിക വിജ്ഞാനത്തിന്റെ വിദഗ്ദ്ധരും അന്വേഷകരും നാസ്തികരായിക്കൊണ്ട് എല്ലാ തരത്തിലുള്ള ആജ്ഞാലംഘനങ്ങളിലും കുറ്റകൃത്യങ്ങളിലും അകപ്പെട്ടിരിക്കുന്നതാണ്. ഇന്ന് ലോകത്തിന്റെ മുമ്പിൽ ഒരു ഗംഭീരമായ അനുഭവജ്ഞാനമുണ്ട്. യൂറോപ്പിലേയും അമേരിക്കയിലേയും ഭൗതികവിജ്ഞാനങ്ങളിൽ അവർ വലിയ വലിയ അഭിവൃദ്ധികൾ നേടിക്കൊണ്ടിരുന്നിട്ടും വർത്തമാന കാലത്ത് പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ നടത്തിക്കൊണ്ടിരുന്നിട്ടും അവരുടെ ആത്മീയമായ അവസ്ഥയും ധാർമികാവസ്ഥയും ഒരുപാട് ലജ്ജാർഹമാണ്. ലണ്ടനിലെ പാർക്കുകളുടേയും പാരിസിലെ ഹോട്ടലുകളുടേയും അവസ്ഥകൾ വായിച്ചറിയുന്നത് നമുക്കിവിടെ പറയാൻപോലും പറ്റുകയില്ല. എന്നാൽ, ദൈവികജ്ഞാനങ്ങളും വിശുദ്ധ ഖുർആനിൽ മറഞ്ഞിരിക്കുന്ന അറിവുകളും അറിയുന്നതിന് ആദ്യത്തെ നിബന്ധന തഖ്‌വായാണ്. അതിന് നിഷ്കളങ്കമായ പശ്ചാത്താപം ആവശ്യമുണ്ട്. മനുഷ്യൻ പൂർണമായ എളിമയോടും വിനയത്തോടുംകൂടി അല്ലാഹുവിന്റെ കല്പനകൾ വഹിക്കാത്തിടത്തോളം, അവന്റെ പ്രതാപവും പ്രഭുശക്തിയും മനസ്സിലാക്കി വിറച്ചുകൊണ്ട് അനുസരണത്തോടുകൂടി പശ്ചാത്തപിച്ച് മടങ്ങാത്തിടത്തോളം ഖുർആനിക ജ്ഞാനങ്ങളുടെ വാതിൽ തുറക്കപ്പെടുകയില്ല. പ്രത്യേകതകളുള്ളതും കഴിവുകളുള്ളതുമായ ആത്മാവിന്റെ ഈ പരിപാലനത്തിന്റെ സാധനങ്ങൾ അതിന് വിശുദ്ധ ഖുർആനിൽനിന്ന് കിട്ടുകയില്ല; അതു പ്രാപിച്ച് ആത്മാവിൽ ഒരു രുചിയും തൃപ്തിയുമുണ്ടാകാൻ! വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. അതിന്റെ അറിവുകൾ അല്ലാഹുവിന്റെ കൈകളിലാണ്. അതിന് കോണിപ്പടി എന്ന നിലയ്ക്കുള്ളതാണ് തഖ്‌വാ. അപ്പോൾപ്പിന്നെ അവിശ്വസ്തനും ദുഷ്ടനും അശുദ്ധാത്മാവിനും ഭൗതികേച്ഛകളുടെ തടവുകാരനും ഭാഗ്യവാനാകാൻ സാധിക്കുന്നതെങ്ങനെയാണ്. ഇതിനു വേണ്ടി ഒരു മുസൽമാൻ, മുസൽമാൻ എന്നു പറഞ്ഞിട്ട് അയാൾ സ്വർഫിന്റേയും നഹ്‌വിന്റേയും (അറബിവ്യാകരണം)അർഥങ്ങളുടേയും അലങ്കാര ശാസ്ത്രം തുടങ്ങിയവയുടെ ജ്ഞാനങ്ങളുടേയും എത്രവലിയ പണ്ഡിതൻതന്നെയായലും ലോകത്തിന്റെ ദൃഷ്ടിയിൽ '***ശെയ്ഖുൽകുൽ ഫിൽകുൽ***ആയിരുന്നാലും, അയാൾ ആത്മസംസ്കരണം നടത്തുന്നില്ലെങ്കിൽ വിശുദ്ധ ഖുർആനിന്റെ ജ്ഞാനത്തിൽ നിന്ന് അയാൾക്ക് ഭാഗം നല്കപ്പെടുകയില്ല.

*(മൽഫൂദാത്ത് വാള്യം 1, പേജ് 384, പ്രസാധനം ഖാദിയാൻ 2018)*

**അദ്ൽ എന്നതിന്റെ അർഥം 'സമനിലയിലാക്കുക' എന്നാണ്. അതായത് മനുഷ്യൻ മറ്റുള്ളവരോടു തന്റെ കൈകൾ ചെയ്യുന്നതുപോലെ പെരുമാറുകയും കാര്യങ്ങളിൽ ഇടപെടുകയും ചെയ്യുക.**

**അല്ലാഹുവിനോടു നീതി കാണിക്കുക എന്നതിന്റെ അർഥം അവന്റെ അവകാശം അല്ലാഹു അല്ലാത്തവർക്ക് നല്കാതിരിക്കുക. അന്യാരാധനയിൽ അകപ്പെടാതിരിക്കുക.**

**ഇഹ്സാൻ എന്നതിന്റെ ഉള്ളടക്കം ഇതാണ്;മറ്റുള്ളവർ നമ്മളോടു എങ്ങനെ പെരുമാറുന്നുവെന്ന് നോക്കാതിരിക്കുക. എന്നല്ല അയാൾ നമ്മളോടു ദുഷ്പെരുമാറ്റം കാണിക്കുന്നുവെങ്കിൽ അപ്പോഴും അവനോടു സൽപെരുമാറ്റം തന്നെ കാണിക്കുക.**

**ഈത്തഇദിൽ ഖുർബാ എന്നതിന്റെ അർഥം ഒരു ബന്ധു മറ്റൊരു ബന്ധുവിനോടു പെരുമാറുന്നതുപോലെ മനുഷ്യകുലത്തോടു പെരുമാറുക.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] സൂറ നഹ്‌ലിലെ ***ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽ ഇഹ്സാനി വ ഈത്താഇദിൽ ഖുർബാ വ യൻഹാ അനിൽ ഫഹ്ശാഇ വൽമുൻകറി വൽബഗ്‌യി യയിളുക്കും ലഅല്ലക്കും തദക്കറൂൻ.*** (നീതി പുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ(അന്യർക്കും) സഹായം നല്കുന്നതിനും അല്ലാഹു കൽപിക്കുന്നു. നീചപ്രവൃത്തിയേയും നിഷിദ്ധകർമത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാ

ശേഷം പേജ് 12 ൽ

ബദർ The Weekly BADR Qadian (Malayalam)
https://www.akhbarbadrqadian.in/

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്‌ബ ജുമുഅ

**വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടെ അനുഗൃഹീതമായ കർമരീതിയുടേയും ഹദീഥുകളുടേയും വെളിച്ചത്തിൽ മുമ്പേ വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്, നബി(സ)തിരുമേനി ഒരിക്കലും നുബുവ്വത്ത് വാദം പുറപ്പെടുവിച്ചതുകൊണ്ടുമാത്രം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല, ഹദ്റത്ത് അബൂബക്റിന്റെ യുദ്ധ നടപടികളും വ്യാജവാദികളായ പ്രവാചകത്വവാദികളെ നശിപ്പിക്കാനായിരുന്നില്ല. പ്രത്യുത അവരുടെ കലാപപരമായ നിലപാടായിരുന്നു അതിനു കാരണം.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഖുത്‌ബ ജുമുഅ 2022 ജൂലായ് 15/1401 വഫാ 15,
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

മൂർത്തദ്ദീങ്ങളായ കലാപകാരികൾക്കെതിരിൽ മുസ്‌ലിമീങ്ങൾ ചെയ്ത കാര്യങ്ങളെ കുറിച്ചാണ് പറഞ്ഞുവന്നത്. ഇതിൽ ഹദ്റത്ത് മുഹാജിറും ഹദ്റത്ത് ഇക്‌രിമയും ഹള്റമൗത്ത് പ്രദേശങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങളുണ്ട്. സ്വൻആയിൽ ഹദ്റത്ത് മുഹാജിറിന് സ്ഥൈര്യം കിട്ടുകയും കാലുകൾ ഉറയ്ക്കുകയും ചെയ്തപ്പോൾ അദ്ദേഹം ഹദ്റത്ത് അബൂബക്റിനെ കത്ത് മുഖേന തന്റെ എല്ലാ നീക്കങ്ങളെയുംകുറിച്ച് അറിയിപ്പു കൊടുത്ത് മറുപടി പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അതേ സമയം മുആദ് ബിൻ ജബലും, നബി(സ)തിരുമേനിയുടെ കാലം മുതൽ യമനിലെ കൈകാര്യകർത്താക്കളും ഹദ്റത്ത് അബൂബക്റിന് കത്തുകളയച്ച് മദീനയിലേക്ക് തിരിച്ചു വരാൻ അനുവാദം ചോദിക്കുകയുണ്ടായി. ഹദ്റത്ത് അബൂബക്ർ(റ) മുആദ് ബിൻ ജബലിനും അദ്ദേഹത്തോടൊപ്പം മറ്റു കൈകാര്യകർത്താക്കൾക്കും യമനിൽതന്നെ നില്ക്കുന്നതിനോ അല്ലെങ്കിൽ മദീനയിലേക്ക് തിരിച്ചുവരുന്നതിനോ സ്വാതന്ത്ര്യം നല്കി. എന്നാൽ, തങ്ങളുടെ സ്ഥാനങ്ങളിൽ മറ്റാരെയെങ്കിലും നിയമിച്ചശേഷം വരേണ്ടതാണെന്ന് പറഞ്ഞു. അനുവാദം കിട്ടിയശേഷം എല്ലാവരും മദീനയിലേക്കു പോയി. ഹദ്റത്ത് മുഹാജിറിനു കിട്ടിയ കൽപന ഇക്‌രിമയെ കാണാനും പിന്നെ രണ്ടു പേരുംകൂടി ഹള്റമൗത്തിലെത്തണമെന്നും സിയാദ് ബിൻ ലബീദിനെ സഹായിക്കണമെന്നുമായിരുന്നു. അവരെ അവരുടെ സ്ഥാനങ്ങളിൽത്തന്നെ നിലനിറുത്തിക്കൊണ്ടു ഇപ്രകാരം കൽപിച്ചു: നിങ്ങളോടൊപ്പം മക്കയ്ക്കും യമനുമിടയിൽ ജിഹാദ് ചെയ്യുന്നവർക്ക് തിരിച്ചുവരാൻ അനുവാദം നൽകുക. തിരിച്ചുവരാൻ ആഗ്രഹിക്കുന്നവർ തിരിച്ചു വന്നുകൊള്ളട്ടെ. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ , ഡോക്ടർ അലി മുഹമ്മദു സ്വലാബീ പേജ് 305, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ്)* എന്നാൽ, സ്വയം മുൻഗണന കൊടുത്തുകൊണ്ട് തങ്ങൾ സ്വയം ജിഹാദിൽ ഭാഗഭാക്കാകാമെന്ന് പറയുന്നവരൊഴികെ.

ഇക്‌രിമക്ക് ഹദ്റത്ത് അബൂബക്റിന്റെ കത്ത് കിട്ടി. അതിൽ അദ്ദേഹത്തിനു മുഹാജിർ ബിൻ അബു ഉമയ്യയോടൊപ്പം ചേരുക എന്ന കൽപന കൊടുത്തിരുന്നു. അദ്ദേഹം സ്വൻആയിൽനിന്ന് വരുന്നുണ്ട്. പിന്നെ രണ്ടുപേരും ചേർന്നുകൊണ്ട് കിൻദ ഗോത്രത്തിലേക്ക് തിരിക്കുക. ഈ കത്ത് കിട്ടിയപ്പോൾ ഇക്‌രിമ മഹ്റയിൽനിന്ന് പുറപ്പെട്ടു. അബ്‌യനിൽ താമസിച്ചുകൊണ്ട് മുഹാജിർ ബിൻ അബു ഉമയ്യയെ കാത്തിരിക്കാൻ തുടങ്ങി. അബ്‌യൻ യമനിലെ ഒരു പ്രദേശമാണ്. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ , ഡോക്ടർ അലി മുഹമ്മദു സ്വലാബീ പേജ് 305, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ്)*

കിൻദ ഗോത്രത്തിലെ മൂർത്തദ്ദീങ്ങൾക്കെതിരിൽ നടത്തിയ നടപടികളെ കുറിച്ച് താരീഖ് ത്വബരിയിൽ എഴുതുന്നു: മൂർത്തദ്ദീങ്ങൾ അഥവാ മതപരിത്യാഗികളാകുന്നതിന് മുമ്പേ കിൻദ, ഹള്റ മൗത്ത് എന്നീ പ്രദേശങ്ങൾ മുഴുവനും മുസ്‌ലിമീങ്ങളായിട്ടുണ്ടായിരുന്നു. അവരിൽനിന്ന് സക്കാത്ത് പിരിക്കുന്നതിനെ സംബന്ധിച്ച് നബി(സ) തിരുമേനി ഇങ്ങനെ നിർദേശം നൽകി. ഹള്റമൗത്തിൽ നിന്നുള്ള ചിലയാളുകളുടെ സക്കാത്ത് കിൻദയിൽ സ്വരുക്കൂട്ടേണ്ടതാണ്. ചില കിൻദക്കാരുടെ സക്കാത്ത് ഹള്റമൗത്തിൽ ഒരുമിച്ചുകൂട്ടണം. അതായത് ആതുക അങ്ങോട്ടയക്കണം. പരസ്പരം ചെലവഴിക്കപ്പെടണം. ഹള്റമൗത്തിലെ ചിലരുടെ സക്കാത്ത് സുക്കൂനിൽ സ്വരുകൂട്ടണം. ചില സുക്കൂൻകാരുടെ സക്കാത്ത് ഹസ്റേമൗത്തിലാണ് ഒരുമിച്ച് കൂട്ടേണ്ടത്. അതിൽ കിന്ദയിലെ ചിലയാളുകൾ പറഞ്ഞു: 'യാറസൂലല്ലാഹ് ഞങ്ങളുടെ പക്കൽ ഒട്ടകമില്ലാത്തതിനാൽ അങ്ങ് ഉചിതമെന്ന് കരുതുകയാണെങ്കിൽ അവർ തങ്ങളുടെ വാഹങ്ങളിൽ വന്നു ഞങ്ങളുടെ പക്കൽ സക്കാത്തിന്റെ സമ്പത്ത് എത്തിക്കട്ടെ.' നബി(സ)തിരുമേനി ഹള്റമൗത്തുകാരോട് പറഞ്ഞു, 'നിങ്ങൾക്ക് അങ്ങനെ കഴിയുമെങ്കിൽ അങ്ങനെ തന്നെ ചെയ്യുക.' അവർ പറഞ്ഞു: 'ഞങ്ങൾ നോക്കട്ടെ. അവരുടെ പക്കൽ വാഹന മൃഗങ്ങളൊന്നുമില്ലെങ്കിൽ ഞങ്ങൾ അങ്ങനെ ചെയ്യാം.' പിന്നീട് നബി(സ)തിരുമേനി വഫാത്താകുകയും സക്കാത്ത് കൊടുക്കേണ്ട സമയം ആകുകയും ചെയ്തപ്പോൾ സിയാദ് ജനങ്ങളെ തന്റെ അടുക്കലേക്കു വിളിച്ചു. അവരെല്ലാം അദ്ദേഹത്തിന് ചുറ്റും കൂടി. ബനൂവലാഅ അതായത് കിൻദനിവാസികൾ പറഞ്ഞു: 'നിങ്ങൾ നബി(സ)തിരുമേനിയോടു വാഗ്ദാനം ചെയ്തതുപോലെ സക്കാത്ത് ഞങ്ങളുടെ അടുക്കൽ എത്തിക്കേണ്ടതാണ്.' അപ്പോൾ അവർ പറഞ്ഞു: 'നിങ്ങളുടെ അടുക്കൽ കുടുംബ ബന്ധങ്ങളിലൊക്കെ സവാരി മൃഗങ്ങളുണ്ട്. നിങ്ങളുടെ സവാരികളുമായി വന്നു സക്കാത്ത് കൊണ്ടുപോയി കൊള്ളുക. അതായത് അവർ സ്വയം സക്കാത്ത് എത്തിക്കുന്നതിൽനിന്ന് വിസമ്മതം പ്രകടിപ്പിച്ചു. കിൻദക്കാർ തങ്ങളുടെ ആവശ്യത്തിൽ ശാഠ്യം പിടിക്കുകയുണ്ടായി. പിന്നെ ജനങ്ങളെല്ലാം വീട്ടിലേക്ക് തിരിച്ചുപോയി. അവരുടെ പ്രവർത്തന രീതി അസ്വസ്ഥത ഉണ്ടാക്കാൻ തുടങ്ങി. ഒരു ചുവടു മുന്നോട്ട് വെക്കുമ്പോൾ രണ്ടു ചുവടു പിറകോട്ടും വെക്കാൻ തുടങ്ങി. മുഹാജിറിനെ പ്രതീക്ഷിച്ചിരുന്നതുകൊണ്ട് സിയാദ് അവർക്കെതിരിൽ എന്തെങ്കിലും നടപടി എടുക്കുന്നതിൽനിന്ന് വിട്ടു നിന്നു. അതായത് സക്കാത്ത് കൊടുക്കാൻ വിസമ്മതിച്ചവർക്കെതിരിൽ ഹദ്റത്ത് മുഹാജിർ വരുന്നതുവരെയും എന്തെങ്കിലും നടപടി എടുക്കുന്നതിൽ നിന്ന് വിട്ടുനിന്നു. ഹദ്റത്ത് അബൂബക്ർ(റ) മുഹാജിറിനും ഹദ്റത്ത് ഇക്‌രിമക്കും ഇങ്ങനെ കത്തെഴുതി: 'നിങ്ങൾ രണ്ടുപേരും ഹള്റ മൗത്തിലേക്ക് പുറപ്പെടുക. സിയാദിനെ അദ്ദേഹത്തിന്റെ ചുമതലയിൽത്തന്നെ നിലനിറുത്തുക. മക്ക മുതൽ യമൻ വരെയുള്ള പ്രദേശങ്ങളിൽനിന്ന് നിങ്ങളുടെ കൂടെയുള്ളവരെ തിരിച്ചുപോകാൻ അനുവദിക്കുക; എന്നാൽ, തങ്ങളുടെ സ്വന്തം ഇഷ്ടപ്രകാരം ജിഹാദിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരെഴികെ! ഉബയ്ദ്

ബിൻ സഅ്ദിനെ സിയാദിനെ സഹായിക്കാൻ പറഞ്ഞയക്കുക.' അങ്ങനെ ഹദ്റത്ത് മുഹാജിർ ഈ നിർദേശ പ്രകാരം തന്നെ പ്രവർത്തിച്ചു. അദ്ദേഹം സ്വൻആയിൽനിന്ന് ഹള്റമൗത്തിൽ പോകാനുള്ള നിശ്ചയത്തിൽ പുറപ്പെട്ടു. ഇക്രിമ അബ്‌യനിൽ നിന്ന് ഹള്റമൗത്ത് ലക്ഷ്യമാക്കി നീങ്ങി. മഅ്രിബ് എന്ന സ്ഥലത്ത് അവർ രണ്ടുപേരും കണ്ടുമുട്ടി. അവർ രണ്ടുപേരും സ്വഹയ്ദ് മണലാരണ്യം താണ്ടി ഹള്റ മൗത്തിലെത്തി. കിൻദി ഹദ്റത്ത് സിയാദിനോട് ദേഷ്യപ്പെട്ട് തിരിച്ചുപോയി. അപ്പോൾ ഹദ്റത്ത് സിയാദ്, ബനു അംറിൽനിന്ന് സക്കാത്ത് പിരിക്കാനുള്ള ഉത്തരവാദിത്വം സ്വയം ഏറ്റെടുത്തു. ഖിൻദയിലെ ഒരു യുവാവ് ഹദ്റത്ത് സിയാദിന് അബദ്ധവശാൽ തന്റെ സഹോദരന്റെ ഒട്ടകത്തെ സക്കാത്തായി കൊടുത്തിട്ടുണ്ടായിരുന്നു. ഹദ്റത്ത് സിയാദ് അതിനുമേൽ തീകൊണ്ട് സക്കാത്തിന്റെ അടയാളമിട്ടു. അത് ബയ്ത്തുൽമാലിന്റേതാണെന്നും സക്കാത്ത് മുതലാണെന്നും സീൽവെച്ചു. ആ ചെറുപ്പക്കാരൻ ഒട്ടകം മാറ്റുന്നതിനുവേണ്ടി, അബദ്ധം പറ്റിയതാണെന്ന് അറിയിക്കുകയുണ്ടായി. പക്ഷേ, ഹദ്റത്ത് സിയാദ് മനസ്സിലാക്കിയത് അയാൾ തന്ത്രം മെനയുകയാണെന്നാണ്. അതുകൊണ്ട് അത് അദ്ദേഹം സമ്മതിച്ച് കൊടുത്തില്ല. അപ്പോൾ അയാൾ തന്റെ ഗോത്രക്കാരെയും അബൂസുമയ്ത്വിനേയും സഹായത്തിന് വിളിച്ചു. അതായത് ഒട്ടകം കൊടുത്ത ആളുകളെ. അബൂസുമയ്ത് ഹദ്റത് സിയാദിനോട് ഒട്ടകം മാറ്റികൊടുക്കാൻ ആവശ്യപ്പെട്ടെങ്കിലും ഹദ്റത്ത് സിയാദ് തന്റെ നിലപാടിൽ ഉറച്ചുനിന്നു. അബൂസുമയ്ത് കോപാകുലനാകുകയും ഒട്ടകത്തെ ബലം പ്രയോഗിച്ച് അഴിച്ച് മാറ്റുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് സിയാദിന്റെ കൂടെയുണ്ടായിരുന്നവർ അബൂസുമയ്ത്വിനെയും കൂട്ടുകാരെയും ബന്ദികളാക്കി. ഒട്ടകത്തെയും ഏറ്റെടുത്തു. അവർ പരസ്പരം സഹായത്തിനുവേണ്ടി വിളിച്ചു തുടങ്ങി. അങ്ങനെ ബനൂ മുആവിയ അബൂസുമയ്ത്വിന്റെ സഹായത്തിനു വന്നു. ബനൂ മുആവിയ, ബനൂ ഹാരിഥ് ബിൻ മുആവിയായുടെയും ബനൂ അംറ് ബിൻ മുആവിയായുടെയും ഗോത്രമായ കിൻദയുടെ ശാഖയായിരുന്നു. അവർ ഹദ്റത്ത് സിയാദിനോട് തങ്ങളുടെ സുഹൃത്തുക്കളെ വിട്ടയക്കാൻ ആവശ്യപ്പെട്ടു. എന്നാൽ ഹദ്റത്ത് സിയാദ് അവർ പിരിഞ്ഞു പോകുന്നതുവരെയും ബന്ധനസ്ഥരെ മോചിപ്പിക്കാൻ വിസമ്മതിച്ചു. അദ്ദേഹം പറഞ്ഞു: 'ഇങ്ങനെയല്ല, നിങ്ങൾ പിരിഞ്ഞു പോകുക. പിന്നെ ഞാൻ നോക്കാം. പക്ഷേ, അവർ പിരിഞ്ഞു പോകാതായപ്പോൾ ഹദ്റത്ത് സിയാദ് അവരെ ആക്രമിക്കുകയും അവരുടെ നിരവധി ആളുകളെ വധിക്കുകയും ചെയ്തു. കുറെ ആളുകൾ അവിടെ നിന്ന് ഓടിപ്പോയി. ഹദ്റത്ത് സിയാദ് തിരിച്ചുവന്നു അവരുടെ ബന്ദികളെ മോചിപ്പിച്ചു. എന്നാൽ, അവർ തിരിച്ചുപോയി യുദ്ധത്തിന് തയ്യാറെടുക്കുകയാണു ണ്ടായത്. അങ്ങനെ ബനൂ അംറ് ബിൻ ബനൂ ഹാരിഥും അശ്അഥ് ബിൻ ഖയ്സും സിംത് ബിൻ അസ്‌വദും താന്താങ്ങളുടെ കേന്ദ്രങ്ങളിൽ പോയി സക്കാത്ത് കൊടുക്കാൻ വിസമ്മതിക്കുകയും മുർത്തദ്ദീങ്ങളാകുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് സിയാദ് സൈന്യത്തെ സ്വരുക്കൂട്ടി ബനൂ അംറിനെ ആക്രമിച്ചു. അവരുടെ നിരവധി ആളുകൾ കൊല്ലപ്പെട്ടു. ഓടാൻ കഴിയുന്നവർ ഓടിപ്പോയി. നിരവധി ആളുകളെ ഹദ്റത്ത് സിയാദ് ബന്ധനസ്ഥരാക്കി മദീനയിലേക്കയച്ചു. വഴിയിൽ അശ്അഥും ബനൂ ഹാരിഥും ആക്രമണം നടത്തി മുസ്‌ലിമീങ്ങളിൽനിന്ന് തങ്ങളുടെ ബന്ദികളെ മോചിപ്പിച്ചു. ഈ സംഭവത്തെ തുടർന്ന് ചുറ്റുപാടുമുള്ള നിരവധി ഗോത്രങ്ങളും അവരോടൊപ്പം ചേർന്നു. അവരും മുർതദ്ദാകുകയാണെന്നു വിളംബരപ്പെടുത്തി. അപ്പോൾ ഹദ്റത്ത് സിയാദ് സഹായത്തിനുവേണ്ടി ഹദ്റത്ത് മുഹാജിറിനു കത്തയച്ചു. ഹദ്റത്ത് മുഹാജിർ ഹദ്റത്ത് ഇക്രിമയെ തന്റെ പിൻഗാമി ആക്കുകയും തന്റെ സുഹൃത്തുക്കളെയും കൂട്ടി നേരിട്ടുപോയി കിൻദക്കുമേൽ ആക്രമണം നടത്തുകയും ചെയ്തു. കിൻദക്കാർ പിന്തിരിഞ്ഞോടുകയും നുജയ്ർ എന്നു പേരുള്ള തങ്ങളുടെ ഒരു കോട്ടയിൽ അഭയം തേടുകയുമുണ്ടായി. ഇതും യമനിലെ ഒരു കോട്ടയായിരുന്നു. ഹള്റമൗത്തിനു അടുത്താണിത്. ഈ കോട്ടക്ക് മൂന്നു വഴികളുണ്ട്. ഒരു വഴിക്ക് മുന്നിൽ ഹദ്റത്ത് സിയാദിറങ്ങി. രണ്ടാമത്തേതിൽ ഹദ്റത്ത് മുഹാജിർ താവളമിട്ടു. മൂന്നാമത്തേത് കിൻദക്കാരുടെ നിയന്ത്രണത്തിൽ തന്നെയായിരുന്നു. അങ്ങനെ അവിടെ ഹദ്റത്ത് ഇക്രിമ എത്തുകയും ആ വഴിയുടെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു. ഹദ്റത്ത് സിയാദിന്റേയും ഹദ്റത്ത് മുഹാജിറിന്റേയും സൈന്യം അയ്യായിരം മുഹാജിരീങ്ങളും അൻസ്വാറും അടങ്ങുന്ന സ്വഹാബാക്കളും മറ്റു ഗോതഗ്രക്കാരും ഉൾപ്പെട്ടതായിരുന്നു. നുജയർ കോട്ടയിൽ അകപ്പെട്ടയാളുകൾ മുസ്‌ലിമീങ്ങൾക്ക് തുടർച്ചയായി സഹായങ്ങൾ കിട്ടുന്നുവെന്ന് കണ്ടപ്പോൾ ഭയപ്പെടുകയും അങ്ങനെ അവരുടെ നേതാവ് അശ്അഥ് ഉടൻ തന്നെ ഇക്രിമയുടെ അടുക്കലെത്തി അഭയയാചന നടത്തുകയും ചെയ്തു. അശ്അഥിനേയും കൊണ്ട് ഹദ്റത്ത് ഇക്രിമ, ഹദ്റത്ത് മുഹാജിറിന്റെ അടുക്കലെത്തി. അശ്അഥ് തനിക്കും തന്റെ ഒമ്പത് കൂട്ടുകാർക്കും വേണ്ടി ഒരു നിബന്ധനയുടെ അടിസ്ഥാനത്തിൽ രക്ഷായാജന നടത്തി. അതായത് അവർ മുസ്‌ലിമീങ്ങൾക്കുവേണ്ടി കോട്ടയുടെ വാതിൽ തുറക്കുന്നതാണ്. ഹദ്റത്ത് മുഹാജിർ ഈ നിബന്ധന അംഗീകരിച്ചു. പക്ഷേ, അശ്അഥ് ഒമ്പതാളുകളുടെ പേരെഴുതിയപ്പോൾ ധിറുതിയും ഭയപ്പാടും കൊണ്ട് തന്റെ പേരെഴുതാൻ മറന്നുപോയി. പിന്നെ ഹദ്റത്ത് മുഹാജിറിന്റെ അടുക്കലേക്ക് ഈ ലിഖിതം കൊണ്ടുപോയപ്പോൾ അദ്ദേഹം അതിനുമേൽ സീൽ വെക്കുകയും ചെയ്തു. തുടർന്ന് അശ്അഥ് തിരിച്ചു പോയി കോട്ടയുടെ വാതിൽ തുറന്നപ്പോൾ മുസ്‌ലിമീങ്ങൾ അതിനകത്ത് പ്രവേശിച്ചു. ഇരുകൂട്ടർക്കും ഇടയിൽ ഉണ്ടായ യുദ്ധത്തിൽ എഴുന്നൂറു കിൻദ ഗോത്രക്കാർ വധിക്കപ്പെട്ടു. കോട്ടയ്ക്കുള്ളിൽ ഉണ്ടായിരുന്നവരും ചെറുത്തു നിൽക്കുകയും യുദ്ധം ചെയ്യുകയും ചെയ്തു. ഏതായാലും അവരുടെ ആളുകൾ കൊല്ലപ്പെട്ടു. ആയിരം സ്ത്രീകളെ ബന്ദികളാക്കി. അതിനുശേഷം ഹദ്റത്ത് മുഹാജിർ സന്ധി ലിഖിതം കൊണ്ടുവരാൻ പറഞ്ഞു. അതിൽ പേരുണ്ടായിരുന്ന എല്ലാവർക്കും മാപ്പ് കൊടുത്തു. പക്ഷേ, അതിൽ അശ്അഥിന്റെ പേരുണ്ടായിരുന്നില്ല. അതിൽ ഹദ്റത്ത് മുഹാജിർ അദ്ദേഹത്തെ വധിക്കാൻ ആഗ്രഹിച്ചു. പക്ഷേ, ഹദ്റത്ത് ഇക്രിമയുടെ അഭ്യർഥന പ്രകാരം അദ്ദേഹത്തെ മറ്റു ബന്ദികളോടൊപ്പം ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിലേക്ക് അദ്ദേഹത്തിന്റെ തീരുമാനത്തിനുവേണ്ടി അയക്കുകയുണ്ടായി. മുസ്‌ലിമീങ്ങൾ വിജയവർത്തയും ബന്ദികളുമായി ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിൽ ഹാജരായപ്പോൾ അദ്ദേഹം അശ്അഥിനെ ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു: നിങ്ങൾ ബനൂ വലീഅയുടെ ചതിയിൽ അകപ്പെട്ടു. നിങ്ങൾക്ക് അവരെ വഞ്ചിക്കാൻ കഴിയുമായിരുന്നില്ല. അവരും നിങ്ങളെ ഈ ജോലിക്ക് അർഹരാണെന്ന് കരുതിയില്ല. അവർ സ്വയം നശിക്കുകയും നിങ്ങളെ നശിപ്പിക്കുകയും ചെയ്തു. നബി(സ)തിരുമേനിയുടെ ശാപപ്രാർഥനയുടെ അംശം കിട്ടുന്നതിനെ നിങ്ങൾ ഭയപ്പെടുന്നില്ലേ? വാസ്തവത്തിൽ നബി(സ)തിരുമേനി കിൻദ ഗോത്രത്തിലെ നാല് നേതാക്കന്മാർക്കെതിരിൽ ശാപ പ്രാർഥന നടത്തിയിരുന്നു. അവർ അശ്അഥിനോടപ്പം ഇസ്‌ലാം സ്വീകരിച്ച ശേഷം മുർതദ്ദായവരാണ്. ഹദ്റത്ത് അബൂബക്ർ ചോദിച്ചു: 'ഞാൻ നിങ്ങളോട് എങ്ങനെ പെരുമാറുമെന്നാണ് നിങ്ങൾ കരുതുന്നത്?' അശ്അഥ് പറഞ്ഞു, 'എനിക്ക് അങ്ങയുടെ അഭിപ്രായം അറിയില്ല.' ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'എന്റെ അഭിപ്രായത്തിൽ നിങ്ങൾ വധിക്കപ്പെടേണ്ടവരാണ്.' അപ്പോൾ അയാൾ പറഞ്ഞു: 'ഞാൻ എന്റെ ജനതയിലെ പത്ത് ആളുകളുടെ ജീവൻ രക്ഷിക്കാൻ ഉടമ്പടി ചെയ്തവനാണ്. എന്നെ വധിക്കുന്നത് എങ്ങനെ അനുവദനീയമാകാനാണ്?' അദ്ദേഹം ചോദിച്ചു: 'മുസ്‌ലിമീങ്ങൾ ഈ ഉത്തരവാദിത്വം നിങ്ങളെയാണോ ഏൽപ്പിച്ചിരിക്കുന്നത്?' അയാൾ പറഞ്ഞു: 'അതെ! ഹദ്റത്ത് അബൂബക്ർ(റ) ചോദിച്ചു; അവർ നിങ്ങളെ ചുമതലപ്പെടുത്തുകയും പിന്നെ നിങ്ങൾ അവരുടെ അടുക്കലെത്തുകയും ചെയ്തപ്പോൾ അവർ അതിൽ മുദ്ര വെക്കുകയുണ്ടായോ. അയാൾ പറഞ്ഞു; അതെ. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഉടമ്പടിയിൽ മുദ്ര വെച്ചതിനു ശേഷം രേഖപ്പെടുത്തപ്പെട്ടതനുസരിച്ച് രഞ്ജിപ്പ് നിർബന്ധമായിരിക്കുന്നു. ഇതിന് മുമ്പേ നിങ്ങൾ കേവലം രഞ്ജിപ്പിനുവേണ്ടി സംസാരിക്കുകയായിരുന്നു. അശ്അഥ് വധിക്കപെടുമെന്ന് ഭയപ്പെട്ടപ്പോൾ അയാൾ പറഞ്ഞു: താങ്കൾ എന്നിൽനിന്ന് എന്തെങ്കിലും നന്മ പ്രതീക്ഷിക്കുന്നുവെങ്കിൽ ഈ ബന്ദികളെ മോചിപ്പിക്കുകയും എന്റെ പിഴവുകൾ മാപ്പാക്കുകയും എന്റെ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്താലും. താങ്കൾ എന്നെപോലെയുള്ള ആളുകളോട് എങ്ങനെയാണോ വർത്തിക്കാറുള്ളത് അതേപോലെ എന്നോടും പെരുമറിയാലും.

എന്റെ ഭാര്യയെ എനിക്കു തിരിച്ചു തന്നാലും. എഴുതിയിരിക്കുന്നു: ഈ സംഭവത്തിനു മുമ്പേ ഒരിക്കല്‍ അശ്അഥ് നബി(സ) തിരുമേനിയുടെ സവിധത്തില്‍ സന്നിഹിതനായിരുന്നു. അദ്ദേഹം ഹദ്റത്ത് അബൂബക്ര്‍(റ)ന്റെ സഹോദരിയായ ഉമ്മി ഫര്‍വാ ബിന്‍ത് അബൂഖുഹാഫയുമായി വിവാഹോലോചന നടത്തി. ഹദ്റത്ത് അബൂഖുഹാഫ തന്റെ മകളെ അയാള്‍ക്ക് ഭാര്യയാക്കി കൊടുക്കുകയും ചെയ്തു. വീട് കൂടല്‍ അശ്അഥ് രണ്ടാമതു വരുമ്പോള്‍ ആക്കാമെന്നും തീരുമാനിച്ചു. ഒരു ഗ്രന്ഥകാരന്‍ ഉമ്മി ഫര്‍വ, ഹദ്റത്ത് അബൂബക്ര്‍(റ)ന്റെ മകളാണെന്ന് എഴുതിയിട്ടുണ്ട്.

ഏതായിരുന്നാലും നബി(സ)തിരുമേനി വഫാത്താകുകയും അശ്അഥ് മുര്‍ത്തദ്ദും കലാപകാരിയുമാകുകയും ചെയ്തു. അതുകൊണ്ട് അയാള്‍ക്ക് തന്റെ ഭാര്യയെ കിട്ടില്ലെന്ന് ആശങ്കയുണ്ടായി. അശ്അഥ് ഹദ്റത്ത് അബൂബക്ര്‍(റ)നോട് പറഞ്ഞു: 'താങ്കള്‍ അല്ലാഹുവിന്റെ ദീനിനുവേണ്ടി എന്റെ പ്രദേശത്തുള്ള ഏറ്റവും ഉത്തമനായ വ്യക്തിയായി എന്നെ കണ്ടെത്തുന്നതാണ്.' അങ്ങനെ ഹദ്റത്ത് അബൂബക്ര്‍(റ) അദ്ദേഹത്തിന്റെ ജീവന്‍ രക്ഷിച്ചു. അയാള്‍ ഇസ്‌ലാമിലേക്ക് വന്നത് അംഗീകരിച്ചു. അയാളുടെ കുടുംബക്കാരെ അയാളെ ഏല്പിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു, 'പൊയ്ക്കൊള്ളുക എനിക്ക് താങ്കളെ സംബന്ധിച്ച് നന്മയുടെ വര്‍ത്തമാനങ്ങള്‍ എത്തട്ടെ.' ഇങ്ങനെ ഹദ്റത്ത് അബൂബക്ര്‍(റ) എല്ലാ ബന്ദികളെയും മോചിപ്പിച്ചു. അവര്‍ എല്ലാവരും താന്താങ്ങളുടെ പ്രദേശങ്ങളിലേക്ക് തിരിച്ചുപോയി.*(താരീഖ് അത്ത്വബരി വാല്യം 2, പേജ് 300-304, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്റുത്ത് 2012) (ഹദ്റത്ത് സയ്യിദുനാ അബൂബക്ര്‍ സിദ്ദീഖ്, മുഹമ്മദു ഹുസയ്ന്‍ ഹയ്ക്കില്‍ പേജ് 240-241, പ്രസാധനം ബുക് കോര്‍ണര്‍ ഷോ റൂം ഝലം)(ജംഹറത്തു ഇന്‍സാബുല്‍ അറബ് പേജ് 425, പ്രസാധനം ദാറുല്‍ കുതുബുല്‍ ഇല്‍മിയ്യ ബെയ്റുത്ത് 2007)(സയ്യിദുനാ അബൂബക്ര്‍ സിദ്ദീഖ് ഡോക്ടര്‍ മുഹമ്മദ് അലി സ്വലാബീ പേജ് 537-538, അല്‍ഫുര്‍ഖാന്‍ ട്രസ്റ്റ് ഖാന്‍ഗഢ്)(മുഅ്ജമുല്‍ ബുല്‍ദാന്‍ വാല്യം 1, പേജ് 109)(മുഅ്ജമുല്‍ ബുല്‍ദാന്‍ വാല്യം 5, പേജ് 315) (മുസ്നദ് അഹ്മദ് ബിന്‍ ഹമ്പല്‍, മുസ്നദ് അംറ് ബിന്‍ അബ്ബസ, വാല്യം 6, പേജ് 575 -576, രിവായത്തു നമ്പര്‍ 19675, ആലമുല്‍ കുതുബ്1998)(അത്ത്വബഖാത്തുല്‍കുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 5, പേജ് 8-9 ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റുത്ത് 1990)*

ഒരു നിവേദനമനുസരിച്ച് തന്റെ സമൂഹവുമായുള്ള വിശ്വാസവഞ്ചന കാരണം അശ്അഥിന് തന്റെ ഗോത്രത്തിലേക്ക് തിരിച്ചുപോകാന്‍ ധൈര്യമുണ്ടായില്ല. ബന്ധനാവസ്ഥയില്‍നിന്ന് രക്ഷപ്പെട്ടതിനു ശേഷം ഉമ്മു ഫര്‍വഹയോടൊപ്പം മദീനയില്‍ത്തന്നെ താമസിക്കുകയുണ്ടായി. ഹദ്റത്ത് ഉമര്‍(റ)ന്റെ കാലഘട്ടത്തെ ഇറാഖ്-ശാം യുദ്ധങ്ങളില്‍ അശ്അഥും ഇസ്‌ലാമിക സൈന്യത്തോടപ്പം ഇറാനികള്‍ക്കും റോമക്കാര്‍ക്കും എതിരില്‍ യുദ്ധം ചെയ്യാന്‍ പുറപ്പെടുകയും നല്ല പ്രകടനം കാഴ്ചവെക്കുകയുമുണ്ടായി. അങ്ങനെ ജനങ്ങളുടെ വീക്ഷണത്തില്‍ അദ്ദേഹത്തിന്റെ അന്തസ്സ് ഉയര്‍ന്നു. അങ്ങനെ നഷ്ടപ്പെട്ടുപോയ അന്തസ്സ് അയാള്‍ക്ക് തിരിച്ചു കിട്ടി. ചുരുക്കത്തില്‍ പൂര്‍ണമായും സമാധാനം സ്ഥാപിക്കപ്പെടുകയും ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ അടിത്തറ സുശക്തമാകുന്നതുവരെയും ഹദ്റത്ത് മുഹാജിറും ഹദ്റത്ത് ഇക്‌രിമയും ഹള്റമൗത്തിലും കിന്‍ദയിലുംതന്നെ താമസിക്കുകയും ചെയ്തു.

മുര്‍ത്തദ്ദീങ്ങളായ കലാപകാരികളുമായിട്ടുള്ള അവസാനത്തെ യുദ്ധമായിരുന്നു ഇത്. അതിനുശേഷം അറേബ്യയില്‍നിന്ന് കലാപം പൂര്‍ണമായും ഇല്ലാതായി. എല്ലാ ഗോത്രങ്ങളും ഇസ്‌ലാമിക ഭരണത്തിന്റെ കീഴില്‍ വന്നു.

ഹദ്റത്ത് മുഹാജിര്‍ ഈ പ്രദേശങ്ങളില്‍ സമാധാനം സ്ഥാപിക്കാനും കലാപവും ധിക്കാരവും പൂര്‍ണമായും ഇല്ലാതാക്കാനുംവേണ്ടി ശക്തമായ നടപടികള്‍ കൈക്കൊണ്ടു. അത് നേരത്തെ അദ്ദേഹം യമനില്‍ നടപ്പാക്കിക്കഴിഞ്ഞിരുന്നതാണ്. *(ഹദ്റത്ത് സയ്യിദുനാ അബൂബക്ര്‍ സിദ്ദീഖ്, മുഹമ്മദു ഹുസയ്ന്‍ ഹയ്ക്കില്‍ പേജ് 241, പ്രസാധനം ബുക് കോര്‍ണര്‍ ഷോ റൂം ഝലം)*

ഹദ്റത്ത് അബൂബക്ര്‍ ഹദ്റത്ത് മുഹാജിറിനോട് യമന്‍ അല്ലെങ്കില്‍ ഹള്റമൗത്ത് ഏതെങ്കിലും ഒരു സ്ഥലം തിരഞ്ഞെടുക്കാന്‍വേണ്ടി കത്തയച്ചപ്പോള്‍ അദ്ദേഹം യമന്‍ സ്വീകരിച്ചു. അങ്ങനെ യമനില്‍ രണ്ടു അമീര്‍മാര്‍ നിശ്ചയിക്കപ്പെട്ടു.

ഹദ്റത്ത് അബൂബക്ര്‍(റ) മുര്‍ത്തദ്ദീങ്ങള്‍ക്കും കലാപകാരികള്‍ക്കുമെതിരില്‍ പ്രവര്‍ത്തിച്ചവര്‍ക്ക് ഇങ്ങനെ കത്തെഴുതി: 'അമ്മാ ബഅ്ദ്, എന്റെ വീക്ഷണത്തില്‍ ഏറ്റവും ഇഷ്ടമുള്ള സംഗതി എന്തെന്നാല്‍ നിങ്ങള്‍ ഭരണത്തില്‍ ഉള്‍പ്പെടുത്തേണ്ട ആളുകള്‍ മുര്‍തദ്ദാകുന്നതിന്റേയും കലാപമുണ്ടാക്കുന്നതിന്റേയും കറ പുരളാത്തവര്‍ ആയിരിക്കണം. തീര്‍ച്ചയായും അവര്‍ തിരിച്ചു വന്നുവെന്നതില്‍ സംശയമില്ല. പക്ഷേ, അവര്‍ ഇതില്‍ ഉള്‍പെടുന്നുണ്ടോ എന്ന് നോക്കണം. അതായത് നേരത്തെ മുര്‍തദ്ദാകുകയോ കലാപത്തില്‍ ഏര്‍പെടുകയോ ചെയ്ത ആളുകള്‍!' തുടര്‍ന്ന് പറഞ്ഞു: 'നിങ്ങള്‍ എല്ലാവരും ഇതനുസരിച്ച് പ്രവര്‍ത്തിക്കേണ്ടതാണ്. ഇതനുസരിച്ച് കര്‍മ നിരതരാകുക. സൈന്യത്തില്‍നിന്ന് ആരെങ്കിലും തിരിച്ച് പോകാന്‍ ആഗ്രഹിക്കുന്നുവെങ്കില്‍ അവര്‍ക്ക് തിരിച്ച് പോകാന്‍ അനുമതി നല്‍കേണ്ടതാണ്. ശത്രുക്കളുമായുള്ള യുദ്ധത്തില്‍ ഏതെങ്കിലും മുര്‍തദ്ദായ കലാപകാരിയില്‍നിന്ന് ഒരിക്കലും സഹായം തേടരുത്. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 305, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്റുത്ത് 2012)*

ഭൂരിപക്ഷം ഗ്രന്ഥകര്‍ത്താക്കളും പ്രത്യേകിച്ച് ആ കാലഘട്ടത്തിലെ ചരിത്രകാരന്മാരും പൊതുവില്‍ ഹദ്റത്ത് അബൂബക്റിന്റെ യുദ്ധങ്ങളെ കുറിച്ച് പരാമര്‍ശിച്ചുകൊണ്ടെഴുതുന്നു: 'കള്ള നുബുവ്വത്ത് വാദം ഉന്നയിച്ചവര്‍ക്കെതിരിലാണ് ഈ എല്ലാ ജിഹാദും ചെയ്യപ്പെട്ടത്. വാളിന്റെ ബലത്താല്‍ അതിനെ ഇല്ലാതാക്കി. കാരണം അതായിരുന്നു അവര്‍ക്കുള്ള ശരീഅത്തുപരമായ ശിക്ഷ. എന്നാല്‍, ചരിത്ര പഠിതാക്കള്‍ ഒരിക്കലും ഇക്കാര്യം അംഗീകരിക്കാന്‍ തയ്യാറാവുകയില്ല. വിശുദ്ധ ഖുര്‍ആനിന്റേയും നബി(സ)തിരുമേനിയുടെ പരിശുദ്ധ നടപടിക്രമങ്ങളുടേയും തിരുഹദീഥുകളുടെയും വെളിച്ചത്തില്‍ നേരത്തെ വിശദീകരിച്ചതുപോലെ നബി(സ) തിരുമേനി ഒരിക്കലും നുബുവ്വത്ത് വാദം കാരണം ആര്‍ക്കെതിരിലും നടപടി എടുത്തിട്ടില്ല. അതെപോലെ ഹദ്റത്ത് അബൂബക്റിന്റെ യുദ്ധ നീക്കങ്ങളും കേവലം വ്യാജ നുബുവ്വത്ത് വാദികളെ ഇല്ലാതാക്കാനായിരുന്നില്ല. മറിച്ച് അവരുടെ യഥാര്‍ഥ ചിന്ത കലാപമായിരുന്നു.

ഇതിനെ, അതായത് വ്യാജ നുബുവ്വത്ത് വാദികളോട് സ്വഹാബാക്കള്‍ എന്തുകൊണ്ടാണ് യുദ്ധം ചെയ്തത് എന്നതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിശദീകരിക്കുന്നു: മൗലാനാ മൗദൂദി സാഹിബ് എഴുതിയത് സ്വഹാബാക്കള്‍ നബി(സ)തിരുമനിക്കുശേഷം നുബുവ്വത്ത് വാദിച്ച ഓരോരുത്തര്‍ക്കുമെതിരില്‍ യുദ്ധം ചെയ്തു എന്നാണ്. ഇത് സ്വഹാബാക്കളുടെ വാക്കുകള്‍ക്കെതിരാകുന്നു.

മൗലാനാ മൗദൂദി സാഹിബ് ഓര്‍ക്കേണ്ടത് (ഇത് അവരുടെ ജീവിത കാലഘട്ടത്തിലുണ്ടായ ഒരു സംഭവമാണ്). അതായത് നബി(സ)തിരുമേനിക്കു ശേഷം നുബുവ്വത്ത് വാദിച്ചവരോട് സ്വഹാബാക്കള്‍ യുദ്ധം ചെയ്തു. അവര്‍ എല്ലാവരും തന്നെ ഇസ്‌ലാമിക ഭരണകൂടത്തിനെതിരില്‍ കലാപമുണ്ടാക്കിയവരും ഇസ്‌ലാമിക ഭരണകൂടത്തിനെതിരില്‍ യുദ്ധം പ്രഖ്യാപിച്ചവരും ആയിരുന്നു. അദ്ദേഹം പറയുന്നു: മൗലാനാ സാഹിബിന് ഇസ്‌ലാമിക സാഹിത്യങ്ങളുടെ വായനയില്‍ വലിയ വാദമുള്ളയാളാണ്. അദ്ദേഹം ഇത് സംബന്ധിച്ച് തന്റെ അഭിപ്രായം വെളിപ്പെടുത്തുന്നതിനുമുമ്പേ ഇസ്‌ലാമിക ചരിത്രം നോക്കിയിരുന്നെങ്കില്‍ അദ്ദേഹത്തിന്, മുസയ്‌ലിമ കദ്ദാബ്, അസ്വദ് അന്‍സി, സജാഹ് ബിന്‍ത് ഹാരിഥ്, ത്വുലയ്ഹ ബിന്‍ ഖുവയ്‌ലിദ് അസദി തുടങ്ങിയ എല്ലാവരും മദീന ഭരണകൂടത്തെ ധിക്കരിച്ചിരുന്നവരും താന്താങ്ങളുടെ പ്രദേശങ്ങളില്‍ സ്വന്തം ഭരണകൂടങ്ങള്‍ പ്രഖ്യാപിച്ചവരും ആയിരുന്നു എന്ന് മനസ്സിലാകുമായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു: 'താരീഖ് ഇബ്നു ഖല്‍ദൂന്‍ ശ്രദ്ധാപൂര്‍വം വായിച്ചിരുന്നുവെങ്കില്‍ മൗലാനാ സാഹിബിന്റെ വീക്ഷണം തെറ്റായിരുന്നുവെന്ന് വ്യക്തമാകുമായിരുന്നു. അതില്‍ എഴുതുന്നു: 'എല്ലാ അറബികളും അവര്‍ സാധാരണക്കാരാണെങ്കിലും ഉന്നതരാണെങ്കിലും അവരുടെ മതനിരാസത്തെ സംബന്ധിച്ചുള്ള അറിയിപ്പ് മദീനയിലെത്തി. ഖുറയ്ശ് ഥഖീഫ് എന്നീ രണ്ടു ഗോത്രങ്ങള്‍ മാത്രമാണ് മുര്‍തദ്ദാകുന്നതില്‍ നിന്ന് രക്ഷപ്പെട്ടത്. മുസയ്‌ലിമയുടെ കാര്യം വളരെ ശക്തിയാര്‍ജ്ജിച്ചുകൊണ്ടുപോയി. ത്വേയും അസദ് ജനതയും ത്വുലയ്ഹ ബിന്‍

ഖുവയ്‌ലിദിനെ അനുസരണം സ്വീകരിച്ചു. ഗത്ഫാനും മതനിരാസത്തെ അംഗീകരിച്ചു. ഹവാസിനും സക്കാത്ത് തടഞ്ഞുവെച്ചു. ബനീ സുലയ്മിലെ നേതാക്കൻമാരും മുർത്തദ്ദീങ്ങളായി. നബി(സ)തിരുമേനി നിശ്ചയിച്ച അമീർമാർ യമൻ, യമാമഹയും, ബനീ അസദും മറ്റുള്ള എല്ലാ പ്രദേശങ്ങളിൽനിന്നും പട്ടണങ്ങളിൽ നിന്നും തിരികെ വന്നു. അവർ പറഞ്ഞു: 'അറബികളിലെ വലിയവരും ചെറിയവരുമെല്ലാം തന്നെ അനുസരണത്തിൽനിന്ന് പിന്മാറിയിരിക്കുന്നു. ഹദ്റത്ത് അബൂബക്ർ(റ) വീണ്ടും അവരോട് യുദ്ധം ചെയ്യാൻ ഉസാമ തിരിച്ചുവരുന്നതും കാത്തിരിക്കുകയായിരുന്നു. എന്നാൽ, അബസ് ദുബിയാൻ ഗോത്രഗ്രങ്ങൾ ധിറുതി കാണിച്ചു. അവർ മദീനക്ക് അടുത്ത് അബ്റക്ക് എന്ന സ്ഥലത്ത് വന്നു തമ്പടിച്ചു. മറ്റു ചില ആളുകൾ ദുൽഖസ്സയിൽ വന്ന് താവളമടിച്ചു. അവരുമായി ബനീ അസദിന്റെ ഉടമ്പടിയും ഉണ്ടായിരുന്നു. ബനീ കിനാനയിൽനിന്നുള്ള കുറച്ചാളുകളും അവരുമായി കൂടിച്ചേർന്നു. അവരെല്ലാവരും ഹദ്റത്ത് അബൂബക്റിന്റെ അടുത്ത് സംഘങ്ങളെ അയച്ചുകൊണ്ട് പറഞ്ഞു: 'നമസ്കാരത്തിന്റെ പരിധിവരെ ഞങ്ങൾ താങ്കൾ പറയുന്നത് അംഗീകരിക്കാൻ തയ്യാറാണ്.' മദീനയുടെ ചുറ്റുവട്ടത്തും ഒരുമിച്ചുകൂടി അവർ പറഞ്ഞു: 'നമസ്കാരത്തിന്റെ പരിധിവരെ അംഗീകരിക്കാൻ തയ്യാറാണ്, എന്നാൽ സക്കാത്ത് കൊടുക്കാൻ ഞങ്ങൾ തയ്യാറല്ല. പക്ഷേ, ഹദ്റത്ത് അബൂബക്ർ(റ) അവരുടെ ഈ വാദം നിഷേധിച്ചു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'ഈ ഉദ്ധരണയിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത് സ്വഹാബാക്കൾ യുദ്ധം ചെയ്തത് ഭരണകൂടത്തിനെതിരിൽ കലാപമുണ്ടാക്കിയവരോടായിരുന്നു. അവർ ടാക്സ് കൊടുക്കാൻ വിസമ്മതിക്കുകയും മദീനയെ ആക്രമിക്കുകയും ചെയ്തു.

മദീനയുടെ ചുറ്റുവട്ടത്തും സംഘടിച്ച് ഇവിടെ തങ്ങൾ പറയുന്നത് അംഗീകരിച്ചില്ലെങ്കിൽ തങ്ങൾ യുദ്ധം ചെയ്യുമെന്ന് ഭീഷണിമുഴക്കി. മുസയ്‌ലിമ നബി(സ)തിരുമേനിയുടെ കാലത്തുതന്നെ നബി(സ)തിരുമേനിക്ക് ഇങ്ങനെ എഴുതിയിരുന്നു: 'എനിക്ക് ഇപ്രകാരം കൽപന നൽകപ്പെട്ടിരിക്കുന്നു. അറേബ്യൻ രാജ്യത്തിന്റെ പകുതി നമുക്കുള്ളതാണ്. പകുതി ഖുറയ്ശികൾക്കും. പിന്നെ നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം അയാൾ ഹജറിലും യമാമയിലും നബി(സ)തിരുമേനി നിശ്ചയിച്ചിരുന്ന ഗവർണർ ഥുമാമ ബിൻ ഉഥ്ഥാലിനെ പുറത്താക്കി സ്വയം ആ പ്രദേശത്തിന്റെ ഭരണാധികാരിയായി. അയാൾ മുസ്‌ലിമീങ്ങളെ ആക്രമിച്ചു. അങ്ങനെ മദീനയിലെ രണ്ടു സ്വഹാബാക്കളായ ഹബീബ് ബിൻ സയ്ദിനെയും അബ്ദുല്ലാഹ് ബിൻ വഹബിനെയും അയാൾ ബന്ദിയാക്കി. കരുത്തുകാട്ടി തന്റെ നുബുവ്വത്ത് അംഗീകരിക്കൻ നിർബന്ധിച്ചുകൊണ്ടിരുന്നു. നേരത്തെ വിവരിച്ചതുപോലെ അബ്ദുല്ലാഹ് ബിൻ വഹബ് ഭയം നിമിത്തം അയാൾ പറഞ്ഞതനുസരിച്ചു. എന്നാൽ, ഹബീബ് ബിൻ സയ്ദ് അയാൾ പറഞ്ഞതിനെ എതിർത്തു അപ്പോൾ മുസയ്‌ലിമ അദ്ദേഹത്തിന്റെ അവയവങ്ങൾ ഓരോന്നോരോന്നായി അറുത്ത് തീയിലേക്കിട്ടു. ഇങ്ങനെ യമനിലും നബി(സ)തിരുമേനി നിശ്ചയിച്ച ഭരണകർത്താക്കളിൽ പലരെയും ബന്ദികളാക്കുകയും പലർക്കും കടുത്ത ശിക്ഷ നൽകുകയും ചെയ്തു. ഇപ്രകാരം ത്വബരി എഴുതുന്നു: അസ്‌വദ് അൻസിയും കലാപക്കൊടി ഉയർത്തി. നബി(സ)തിരുമേനി നിശ്ചയിച്ച ഭരണാധികാരികളെ ബുദ്ധിമുട്ടിക്കുകയും അവരിൽനിന്ന് സക്കാത്ത് പിടിച്ച പറിക്കാൻ കല്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. പിന്നെ സ്വൻആയിൽ നബി(സ)തിരുമേനി നിശ്ചയിച്ചിരുന്ന ഭരണാധികാരിയായ ശഹ്‌രി ബിൻ ബാദാനെ ആക്രമിച്ചു. നിരവധി മുസ്‌ലിമീങ്ങളെ വധിച്ചു. അവരെ കൊള്ളയടിക്കുകയും ചെയ്തു. ഗവർണറെ വധിക്കുകയും അതിനുശേഷം അദ്ദേഹത്തിന്റെ മുസ്‌ലിമായ ഭാര്യയുമായി നിർബന്ധപൂർവം വിവാഹം കഴിക്കുകയും ചെയ്തു. ബനൂ നജ്റാനിലും കലാപം തുടങ്ങി. അവരും അസ്‌വദ് അൻസിയോടൊപ്പം ചേർന്നു. അവർ രണ്ടു സ്വഹാബാക്കളെ അതായത് അംറ് ബിൻ ഹസമിനേയും ഖാലിദ് ബിൻ സയീദിനെയും നാട്ടിൽനിന്ന് പുറത്താക്കി.

ഈ സംഭവങ്ങളിൽനിന്നെല്ലാം പ്രകടമാകുന്നത് വ്യാജ നുബുവ്വത്ത് വാദികളെ എതിർക്കാനുണ്ടായ കാരണം അവർ നബി(സ)തിരുമേനിയുടെ ഉമ്മത്തിൽ നുബുവ്വത്ത് വാദിക്കുകയും നബി(സ)തിരുമേനിയുടെ ദീനിനെ പ്രചരിപ്പിക്കുന്നവരാണെന്ന് പറഞ്ഞതുമായിരുന്നില്ല. മറിച്ച് ഭരണാധിപന്മാരാണെന്ന് പ്രഖ്യാപിക്കുക മാത്രമല്ല സ്വഹാബാക്കളെ വധിക്കുകയും ചെയ്തു. ഇസ്‌ലാമിക രാജ്യങ്ങളെ ആക്രമിച്ചു. നിലവിലുണ്ടായിരുന്ന ഭരണകൂടത്തിന്നെതിരിൽകലാപമുയർത്തി.സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി. അദ്ദേഹം എഴുതുന്നു: 'ഈ സംഭവങ്ങളെല്ലാമുണ്ടായിരിക്കെ മൗലാനാ മൗദൂദി സാഹിബ് നബി(സ)തിരുമേനിയുടെ എല്ലാ സ്വഹാബാക്കളും കള്ള പ്രവാചകന്മാരെ എതിർത്തു എന്ന് പറയുന്നത് കളവല്ലാതെ മറ്റെന്താണ്? ഇനി ഏതെങ്കിലും സ്വഹാബാക്കൾ മനുഷ്യരെ കൊല്ലുന്നത് അനുവദനീയമാണെന്ന് പ്രഖ്യാപിച്ചുവെന്നാണ് പറയുന്നതെങ്കിൽ, മുസയ്‌ലിമ കദ്ദാബും അസ്‌വദ് അൻസിയുമൊക്കെ മനുഷ്യരായിരുന്നു എന്ന കാരണത്താൽ അത് ശരിയായിരിക്കാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇസ്‌ലാമിക ചരിത്രത്തെ വളച്ചൊടിച്ച് സമർപ്പിക്കുന്നവർ ഇസ്‌ലാമിനെ സേവിക്കുക അല്ല ചെയ്യുന്നത്. അവരുടെ ലക്ഷ്യം ഇസ്‌ലാമിക സേവനമാണെങ്കിൽ അവർ സത്യത്തെ ഏറ്റവു മധികം മുന്തിക്കേണ്ടതാണ്. തെറ്റായ വിശദീകരണത്തിൽ നിന്നും സംഭവങ്ങളെ വളച്ചൊടിച്ച് സമർപ്പിക്കുന്നതിൽ നിന്നും പൂർണമായും വിട്ടു നിൽക്കേണ്ടതുമാണ്. *(മൗലാനാ മൗദൂദി സാഹിബ് കെ രിസാല "ഖാദിയാനി മസ്അല" കാ ജവാബ്, അൻവാറുൽഉലൂം വാള്യം 24, പേജ് 11-14)*

എന്തായാലും അറേബ്യൻ മണ്ണിൽ നിന്നു ഇതെല്ലം അവസാനിച്ച കാരണത്താൽ കലാപങ്ങൾ പൂർണമായും അവസാനിച്ചു. ഒരു ചരിത്രകാരൻ എഴുതുന്നു: ഇപ്പോൾ അറേബ്യയിൽ എല്ലാ കലാപങ്ങളും അവസാനിച്ചിരിക്കുന്നു. സകല മുർത്തദ്ദീങ്ങളെയും ശിക്ഷിക്കുകയുണ്ടായി. ഹദ്റത്ത് അബൂബക്ർ രാജ്യവ്യാപകമായ ഫിത്നയെ ആസൂത്രണ ബന്ധിതതവും ത്വരിതഗതിയിലും ഇല്ലാതാക്കിയ അദ്ദേഹത്തിന്റെ ഉന്നതമായ കഴിവുകളെ വെളിപ്പെടുത്തുന്നു. എങ്ങനെയാണ് ഓരോ ചുവടിലും അദ്ദേഹത്തിന് ദൈവിക സഹായം ലഭ്യമായതെന്ന് വ്യക്തമായും മനസ്സിലാകുന്നു.

ഒരു വർഷത്തിനും താഴെയുള്ള സമയത്തിനുള്ളിൽ മുർത്തദ്ദീങ്ങളുടെയും കലാപകാരികളുടെയും ഫിത്നയെ നിയന്ത്രിച്ച് അറേബ്യയിൽ ഇസ്‌ലാമിക ഭരണം വീണ്ടും സ്ഥാപിച്ചത് ഒരു അത്ഭുതാവഹമായ കൃത്യനിർവഹണം തന്നെയാണ്. ഹദ്റത്ത് അബൂബക്ർ(റ)നു ഇസ്‌ലാമിന്റെ വിജയത്തിൽ ഏറെ സന്തോഷമുണ്ടായിരുന്നു. പക്ഷേ, ഈ സന്തോഷത്തിൽ അഹങ്കാരത്തിന്റെ ലാഞ്ചനപോലും ഉണ്ടായിരുന്നില്ല. കാരണം ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യംകൊണ്ടാണ് സംഭവിച്ചതെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. വിരലിലെണ്ണാവുന്ന മുസ്‌ലിമീങ്ങളുമായി മുഴുവൻ അറേബ്യയിലും ഉണ്ടായിരുന്ന മുർത്തദ്ദീങ്ങളുടെ ശക്തമായ സൈന്യത്തെ എതിർത്ത് അവരെ തോൽപ്പിച്ചുകൊണ്ടു ഇസ്‌ലാമിന്റെ പതാക വളരെ പ്രതാപത്തോടുകൂടി വീണ്ടും ഉയർത്താൻ അദ്ദേഹത്തിന് ശക്തി ഉണ്ടായിരുന്നില്ല.

ഹദ്റത്ത് ഹദ്റത്ത് അബൂബക്ർ(റ)ന്റെ

ശേഷം പേജ് 9 ൽ

**• ഹദീഥുന്നബ്‌വി(സ) •**

**"ആര് എന്റെമേൽ സ്വലാത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• ഹദീഥുന്നബ്‌വി(സ) •**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്‌മദ് ബിൻ ഹമ്പൽ)*

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 30 പേജ് 7, കോളം 3-ൽ നിന്ന്)

**2019 ഒക്ടോബർ 26 ശനിയാഴ്ച**

രാവിലെ 7 മണിക്ക് മഹ്ദിയാബാദിലെ മസ്ജിദ് ബയ്ത്തുൽ ബസ്വീറിൽ ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. രാവിലെ ഓഫീസ് സംബന്ധമായതും അല്ലാത്തതുമായ കത്തുകൾക്കു പുറമെ റിപ്പോർട്ടുകളും പരിശോധിച്ച് വേണ്ടുന്ന നിർദേശദ്ദേശങ്ങൾ കൊടുത്തു.

രാവിലെ 11 മണിക്ക് ഹുദൂർ ഓഫീസിൽ വന്നു. കുടുംബപരമായ കൂടിക്കാഴ്ചകൾ ആരംഭിച്ചു. രാവിലെ നടന്ന ഈ സെഷനിൽ 40 കുടുംബങ്ങളിൽ നിന്നുള്ള 141 പേരാണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തിയത്. ജർമനിയിലെ 22 ജമാഅത്തുകളിൽ നിന്നുള്ള അംഗങ്ങളാണിത്. കൂടാതെ ബെൽജിയമിൽ നിന്നുള്ള ഒരു കുടുംബവും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും ഹദൂർ നല്കി. കൂടിക്കാഴ്ചകളുടെ ഈ പ്രോഗ്രാം 1.20 വരെ നീണ്ടുനിന്നു.

ശേഷം മസ്ജിദ് ബയ്ത്തുൽ ബസ്വീറിന്റെ പുറത്തുള്ള വളപ്പിൽ ഓർണമെന്റൽ ചെറി(Ornamentel Cherry)യുടെ ചെടി ഹുദൂർ നട്ടു. ജാപ്പനീസ് ചെറി ബ്ലോസം(Japanese Cherry Blossom) എന്ന നാമവും ഇതിന്നുണ്ട്. ശേഷം നടന്ന ഫോട്ടോ സെഷനിൽ താഴെ ചേർക്കുന്ന ഗ്രൂപ്പുകൾ ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു.

♦ മഹ്ദിയാബാദ് അഹ്മദിയ്യാ ജമാഅത്ത് ഭാരവാഹികൾ ♦ വഖാറെ അമലിൽ പങ്കെടുത്ത ജമാഅത്ത് ഗ്രൂപ്പ് ♦ ബാഡ്സെഗ് ബെർഗ്(Badsege Berg) ജമാഅത്ത് ഭാരവാഹികൾ ♦ എം.ടി.എ ജർമനി ടീം ♦ എം.ടി.എ ഇന്റർ നാഷണൽ ടീം ♦ മീഡിയാ ആൻഡ് പ്രസ്സ് ♦ ഹുദൂർ അൻവറിന്റെ യാത്രാ സംഘാംഗങ്ങൾ ♦ആതിഥേയ വിഭാഗത്തിലെ അംഗങ്ങൾ ♦ബാക്കിയായ കുറച്ചു സംഘാംഗങ്ങൾക്കും പിന്നീട് ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാൻ അവസരം ലഭിച്ചു. കൂടാതെ ♦ മഖ്സനെ തസാവീർ(ഫോട്ടോ സംരക്ഷണ വിഭാഗം) ♦ കൂടിക്കാഴ്ചാ വിഭാഗം എന്നിവയിലെ അംഗങ്ങൾ.

തുടർന്ന് ഹുദൂർ കിച്ചൺ സന്ദർശിച്ചു. ജോലിയുള്ളവർ ഉച്ച ഭക്ഷണം തയ്യാറാക്കുകയായിരുന്നു. ഹുദൂർ അവരോട് കുശലാന്വേഷണം നടത്തി. അതു കഴിഞ്ഞ് സ്റ്റോറും സന്ദർശിച്ചു. ഇവിടെ ഭക്ഷണ സാധനങ്ങളും മറ്റു അത്യാവശ്യ സാധനങ്ങളും സ്റ്റോർ ചെയ്തിരുന്നു. തുടർന്ന് ലജ്നാ ഏരിയയും സന്ദർശിച്ചു. അവർക്ക് പ്രത്യേകം പന്തലുകൾ സജ്ജീകരിച്ചിരുന്നു. ഹുദൂറിന്റെ പെട്ടെന്നുള്ള സന്ദർശനം ലജ്നകൾക്കിടയിൽ സന്തോഷവും വിവരണാതീതമായ വികാരവുമുണ്ടാക്കി. മസ്ജിദിലെ ലജ്നാ ഹാളും തുടർന്ന് ഹുദൂർ സന്ദർശിച്ചു.

മസ്ജിദും ജമാഅത്തിന്റെ സെന്ററും സ്ഥിതി ചെയ്യുന്ന മഹ്ദിയാബാദിലെ ഈ ഭൂഭാഗത്തിന്റെ ഒരു ഭാഗം വിവിധ പ്ലോട്ടുകളായി തിരിച്ചിട്ടുണ്ട്. അതു മുഖേന ജമാഅത്തീ സഹോദരങ്ങൾക്ക് ഇവിടെ സ്ഥലം കരസ്ഥമാക്കി സ്വന്തം വീട് നിർമിക്കാൻ സാധിക്കുന്നതാണ്. അസീം ബട്ട് സാഹിബ് ഇവിടെ വീട് നിർമിച്ചു വരുന്നു. ഹുദൂർ നിർമാണത്തിലിരിക്കുന്ന വീടുനുള്ളിൽ പോവുകയും പ്ലാനിംഗ് പരിശോധിക്കുകയും ചെയ്തു. ഇതു സംബന്ധമായി വിവിധ കാര്യങ്ങൾ ഹുദൂർ ബട്ട് സാഹിബിനോട് അന്വേഷിച്ചു.

അതിനുശേഷം മസ്ജിദ് ബയ്ത്തുൽ ബസ്വീറിൽ ളുഹ്ർ-അസ്ർ ജംഅ് ജമാഅത്തായി നിർവഹിച്ചു. തുടർന്ന് ഹുദൂർ ഹബീബുല്ലാഹ് ത്വാരിഖ് സാഹിബിന്റെ പുതിയ ഇറ്റാലിയൻ വണ്ടി നോക്കിക്കണ്ടു. കുറച്ച് സമയം ഹുദൂർ വണ്ടിയിൽ തന്നെ ഇരുന്നു. ഈ വാഹനത്തിന്റെ സവിശേഷതകളെ കുറിച്ച് ചോദിച്ചറിഞ്ഞു.

**മസ്ജിദ് ബയ്ത്തുൽബസ്വീർ ഉദ്ഘാടന പരിപാടി**

മസ്ജിദ് ബത്തുൽബസ്വീറിന്റെ ഉദ്ഘാടന പരിപാടിയ്ക്കുവേണ്ടി ഇതിന്റെ വളപ്പിൽ പന്തലുകളിട്ട് സൗകര്യം ഒരുക്കിയിരുന്നു. 4.45-ന് ഹുദൂർ പന്തലിൽ വന്നു. ഈ പരിപാടിയിൽ 170 അതിഥികൾ പങ്കെടുത്തു. അതിൽ പ്രമുഖരുടെ പേരുകൾ താഴെ ചേർക്കുന്നു

***മെമ്പർ ഓഫ് നാഷണൽ അസംബ്ലി മിസ്റ്റർ ജെറോസ്റ്റോർജോഹാൻ***(Mr.Gero Storjohann)

***മിസ് എൽകെ ക്രിസ്റ്റിന***(Mrs.Elke Christina) ***ലോർഡ് മേയർ ഓഫ് നോർഡെർ സ്റ്റെഡ്റ്റ്***(Norderstedt).

***മിസ് ക്രിസ്റ്റെൻ ഐകൊഫ് വെബർ***(Mrs.Kirsten EickhoffWeber) ***ഡെപ്യൂട്ടി സ്പീക്കർ സ്റ്റേറ്റ് അസംബ്ലി***

***മിസ്റ്റർ റ്റോബിയാസ് വൊൺ ഡേർ ഹെയിഡെ***(Mr. Tobias von der Heide) ***സ്റ്റേറ്റ് അസംബ്ലി അംഗം***

***മിസ്റ്റർ സ്റ്റീഫൻ വെബർ***(Mr.Stefan Weber) ***സ്റ്റേറ്റ് അസംബ്ലി അംഗം***

***മിസ് കാർലാ ഫ്രീബെൻ വിഷെർ***( Mrs.Karla FriebenWischer), ***ശെൽസ്വിഗ്***(Schleswig) ***മന്ത്രിസഭാംഗം.***

***മിസ്റ്റർ മാന്ഫ്രെഡ്*** (Mr.Manfred), ***നാഹെ***(Nahe) ***ടൗൺ മേയർ.***

***മിസ്റ്റർ മാർക് ആൻഡ്രെ എഹ്ലേഴ്സ്***(Mr. Marc Andre Ehlers),***നാഹെ***(Nahe)***ടൗണിലെ മറ്റൊരു മേയർ.***

***ഹെൻസ്റ്റെഡ്റ്റ് ഉൽസ്ബെർഗ്.***(Mayor HenstedtUlzburg)

***മേയർ കേയ്ഹുഡെ***(Mayor Kayhude)

***മേയർ കിസ്ഡോർഫ്***(Mayor Kisdorf)

***മിസ്റ്റർ ജോച്ചിം ബ്രങ്ക്ഹോസ്റ്റ്***(Mr.Joachim Brunkhorst) ***ഡിസ്ട്രിക്റ്റ് പാർലമെന്റംഗം.***

***മിസ്റ്റർ ക്ലൗസ് പീറ്റർ സീക്ക്***(Mr.Claus Peter Cieck) ***ബാഡ് സെഗെബെർഗ്***(Bad Segeberg) ***ജില്ലാ പാർലമെന്റ് പ്രസിഡന്റ്***

ഇവർക്കു പുറമെ ജില്ലാ പാർലമെന്റിലെ 3 ചെയർമാന്മാരും സ്റ്റേറ്റ് ചാൻസലറി(Chancellery) തലവനും ഇതിൽ പങ്കെടുത്തിരുന്നു. പ്രൊഫസർമാരും ഡോക്ടർമാരും അധ്യാപകരും ജീവിതത്തിലെ വിവിധ തുറകളുമായി ബന്ധപ്പെട്ടവരും ഇതിൽ പങ്കെടുക്കുകയുണ്ടായി.

ത്വയ്യിബ് സ്വിദ്ദീഖ് സാഹിബിന്റെ വിശുദ്ധഖുർആൻ പാരായണത്തോടെ പരിപാടി ആരംഭിച്ചു. ദാനിയാൽ വദൂദ് സാഹിബ് ഇതിന്റെ ജർമൻ തർജമ സമർപ്പിച്ചു. തുടർന്ന് അഹ്മദിയ്യാ ജമാഅത്ത് ജർമൻ അമീർ അബ്ദുല്ലാഹ് വാഗസ് ഹൌസർ സാഹിബ് സ്വാഗത പ്രസംഗം നിർവഹിച്ചു. അദ്ദേഹം വേദിയെ ഈ വാക്കുകളിലാണ് അഭിമുഖീകരിച്ചത്.

നാഹെ(Nahe) കസബയുടെ ജനസംഖ്യ രണ്ടായിരത്തോടടുത്താണ്. ഇതിന്റെ ചരിത്രം ഏകദേശം പതിനായിരം വർഷം പുരാതനമാണ്. നാഹെയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ തുടക്കം 1980-ലാണ് നടന്നത്. ആദ്യകാല അഹ്മദികൾ ബാഡ് സെഗെബെർഗ്(Bad Segeberg), നോർഡെർ സ്റ്റെഡ്റ്റ് (Norderstedt). പ്രദേശങ്ങളിലാണ് താമസിച്ചത്. പിന്നീട് ജമാഅത്തംഗങ്ങളുടെ എണ്ണം വർധിച്ചു വന്നപ്പോൾ ഒരു യുക്തമായ സ്ഥലം അന്വേഷിക്കാൻ തുടങ്ങി. ഇപ്പോഴുള്ള സ്ഥലം 1989-ൽ 6 ലക്ഷം മാർക്കിനാണ് വാങ്ങിയത്. ഇതിന്റെ വിസ്തീർണം 42.87 ഏക്കറാണ്.

അമീർ സാഹിബ് മസ്ജിദിനെ പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു: 2011 ജൂൺ 14-ന് ഹുദൂർ മസ്ജിദിന് തറക്കല്ലിട്ടു. നിർമാണ പ്രവൃത്തിയുടെ തുടക്കം 2017-ലാണ് നടന്നത്. മസ്ജിദ് 395 ചതുരശ്ര മീറ്ററിലാണ് നിർമിതമായത്. എന്നാൽ മുഴുവൻ പ്ലോട്ട് ഇതിനേക്കാൾ വളരെ വലുതാണ്. ഈ മസ്ജിദ് 3 നിലയിലാണുള്ളത്. 5 ലക്ഷത്തി 60000 യൂറോയാണ് ചെലവായത്. ലോക്കൽ ജമാഅത്ത് ഇതിന്റെ മൂന്നിലൊരു ഭാഗം നല്കി.

♦ തുടർന്ന് ലഫ്റ്റന്റ് കേണൽ(lieutennant Colonel)ആയിരുന്ന ഗുസ്റ്റ്സ്റ്റവ് ലൂണൻബർഗ്(Gustav Lunenburg) സാഹിബ് വേദിയെ അഭിമുഖീകരിച്ചു. ഹുദൂറിന് സ്വാഗതം ആശംസിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

30 വർഷം മുമ്പേ ജമാഅത്ത് ഈ സ്ഥലം വാങ്ങുമ്പോൾ ഞാൻ കുടുംബത്തോടെ ഇതിനടുത്താണ് താമസിച്ചിരുന്നത്. അഹ്മദിയ്യ മുസ്ലിമീങ്ങളാരാണെന്ന് അന്ന് ഞങ്ങൾക്ക് അറിയില്ലായിരുന്നു. നിങ്ങളുടെ മുദ്രാവാക്യമായ 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് കേട്ടപ്പോൾ ഇത് നിങ്ങളുടെ ഒരു തന്ത്രമാണെന്നും ജനങ്ങളെ വഴികേടിലാക്കുകയാണെന്നും ഞങ്ങൾക്ക് തോന്നിയിരുന്നു. എന്നാലിന്ന് നാമെല്ലാവരും ഇവിടെ മസ്ജിദിന്റെ ഉദ്ഘാടനത്തിന് ഒരുമിച്ചു കൂടിയിരിക്കുന്നു.

കടന്നു പോയ നീണ്ട ഈ കാലഘട്ടത്തിന്നിടയിൽ വളരെയധികം വിദ്വേഷങ്ങൾ നീങ്ങിപ്പോയി. വെറുപ്പ് പരത്തുന്ന വിദ്വേഷികളായവർ പരത്തിയ ധാരാളം തെറ്റായ ദുഷ്പ്രചാരണങ്ങൾ നീങ്ങിപ്പോയി.ഈ പ്രോപ്പഗണ്ടകൾ ഇന്നോടെ അവസാനിക്കുന്നു. പാക്കിസ്താനിൽനിന്നു ഇവിടെ പലായനം ചെയ്തെത്തിയ അഹ്മദികളുടെ രണ്ടാം തലമുറ(generations) ഇവിടെയാണ് ജനിച്ചത്. ഇവിടുന്ന് തന്നെ അവർ വിദ്യാഭ്യാസവും നേടി. ഇവിടെത്തന്നെ ജോലിയും ചെയ്യുന്നു. ഇവർ ജർമൻ സമൂഹത്തിന്റെ ഭാഗമായിതീർന്നിരിക്കുന്നു.

അദ്ദേഹം വീണ്ടും പറഞ്ഞു: നാമെല്ലാവരും ജർമൻ ഭരണഘടനയെ അംഗീകരിക്കുന്നവരാണ്. ഭരണഘടനാ മൂല്യങ്ങൾക്ക് പ്രാധാന്യം നല്കുന്നവരാണ്. അവയിലൊന്ന് ഓരോ മനുഷ്യനും പ്രാപ്തമായിട്ടുള്ള അവകാശമാണ്. സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കുക, അവർക്ക് ഇതര അവകാശങ്ങളുമുണ്ട്. അതുപോലെതന്നെ പുരുഷനും സ്ത്രീക്കുമുള്ള സ്ഥാനം ഒരു പോലെയാകേണ്ടതുണ്ട്.

എന്നും ജമാഅത്തുമായുള്ള ബന്ധം നല്ലതായിരുന്നു. നാമെന്നും ജമാഅത്തിനുവേണ്ടിയാണ് സംസാരിച്ചിട്ടുള്ളതും. ഉദ്ഗ്രഥനം(integration)എന്നും നിലനിറുത്തേണ്ട സ്ഥായിയായ പ്രവൃത്തിയാണ്. അഹ്മദികളോടൊപ്പം താമസിച്ചുകൊണ്ട് ധാരാളം കാര്യങ്ങൾ നമുക്ക് മനസ്സിലായി. പഠിക്കാൻ കഴിഞ്ഞു. 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്'എന്ന മുദ്രാവാക്യം ഒരു വെറും വാക്കല്ലെന്നും നമുക്ക് മനസ്സിലായി. എന്നല്ല, അഹ്മദികളുടെ പ്രവർത്തനവും ഇതനുസരിച്ച് തന്നെയാണുള്ളത്. നമുക്ക് ഇക്കാര്യത്തിൽ അഭിമാനമുണ്ട്. സ്വന്തം അയൽവാസികൾ ബുദ്ധിമുട്ടിലായപ്പോൾ ക്രിസ്തു വിശ്വാസിയായ ഞങ്ങൾക്ക് അവരെ സഹായിക്കാൻ സാധിച്ചു. ഇന്നത്തെ ദിവസം നമുക്ക് വളരെ സന്തോഷം തോന്നുന്നു. നന്ദിയും അർപ്പിക്കേണ്ടതുണ്ട്. മംഗ്ളാശംസകളും നേരേണ്ടതുണ്ട്. വളരെ മനോഹരമായൊരു മസ്ജിദ് ഇവിടെ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഇന്നത്തെ ദിവസം എനിക്കും എന്റെ ഭാര്യക്കും വളരെ സുപ്രധാന ദിനമാണ്. കാരണം, ആദ്യ ദിവസം മുതൽതന്നെ ഞങ്ങൾ ഈ process ൽ പങ്കെടുത്തിരുന്നു.

♦അതിനുശേഷം ഇവാഞ്ചിലിക്കൽ ലൂതറൻ ചർച്ചിന്റെ (evangelical lutheran) പാതിരിയായ സൂസന്നെ ഹാൻ സാഹിബ (Susanne Hahn)വേദിയെ അഭിമുഖീകരിച്ചു. ഹുദൂറിനും ശ്രോതാക്കൾക്കും അവർ സലാം പറഞ്ഞു. മസ്ജിദ് നിർമാണവുമായി ബന്ധപ്പെട്ട് ആശംസകൾ നേർന്നു. അവർ പറയുന്നു:

മസ്ജിദ് ഉദ്ഘാടനം വരെ ഇതൊരു നീണ്ട പ്രവർത്തനമായിരുന്നു. എനിക്ക് ഇവിടെ 5 വർഷമായി സുവിശേഷക എന്ന നിലയിൽ പ്രവൃത്തിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഓരോ വർഷവും ഞങ്ങൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ഞങ്ങളുടെ യുവാക്കളോടൊപ്പം വരാറുണ്ട്. ഇതൊരു നല്ല അവസരമാണ്. സ്വന്തം മതത്തിൽനിന്നു പുറത്തു വന്നുകൊണ്ട് ഇതരരെ കുറിച്ചും അറിയുക! എന്നും നിങ്ങൾ ഞങ്ങളെല്ലാവരോടും വളരെയധികം സ്നേഹത്തോടെയാണ് പെരുമാറിയിട്ടുള്ളത്. ഞങ്ങളെ സ്വീകരിക്കുന്നത്. യുവാക്കൾക്ക് നിങ്ങൾ അവസരങ്ങൾ നല്കുന്നു. എല്ലാ ചോദ്യങ്ങളും അവർക്ക് നിങ്ങളോട് ഉന്നയിക്കാൻ അവസരം ലഭിക്കുന്നു. യുവാക്കൾക്ക് നിങ്ങളുടെ ആരാധനാ രീതികൾ കാണിച്ചു കൊടുക്കുന്നു. ഇതവർക്ക് വളരെ ആകർഷണീയവുമാകുന്നു.

ഇന്നാളുകളിൽ ഏക ദൈവത്തിനുവേണ്ടിയുള്ള ഭവനവും ആരാധനാലയവും നിർമിക്കുക എന്നത് വളരെ നല്ല അടയാളമാണ്. എല്ലാവർക്കും ഒരുമിച്ചു കൂടാനും പരസ്പരം സംസാരിക്കാനും സാധിക്കുന്ന വിധത്തിലും ഒപ്പം ആരാധന നിർവഹിക്കാൻ സാധിക്കുന്നതുമായ ഉന്നതനായ അല്ലാഹുവിന്റെ ഭവനമാണിത്. നാമ്മളെല്ലാവരും ദൈവത്തിൽ വിശ്വസിക്കുന്നു. നമുക്ക് ജീവിതം അനുഗ്രഹിച്ചു നല്കിയ ഏകദൈവം നമ്മെ സംരക്ഷിക്കുന്നു. നിസ്സംശയം പല രൂപത്തിൽ നാം ഇത് വെളിപ്പെടുത്തുന്നു. എങ്കിലും നമ്മളെല്ലാവരും ചേർന്നാണ് ഇക്കാര്യം വ്യാപിപ്പിക്കുന്നത്. ഇക്കാര്യം ഇക്കാലഘട്ടത്തില് വളരെയധികം അനിവാര്യമാണ്. എല്ലാ വിദ്വേഷങ്ങൾക്കെതിരിലും നമ്മൾ സ്വന്തം ശബ്ദങ്ങൾ ഉയർത്തേണ്ടതുണ്ട്. ഈ മസ്ജിദിലേക്ക് വരുന്ന എല്ലാവരും അനുഗൃഹീതരായിരിക്കട്ടെ.

ഇനി നമ്മുടെ പ്രവർത്തനങ്ങൾ പരസ്പരം ആദരിക്കുന്നതിലാണ്. നമ്മൾ ഉന്നതനായ ദൈവത്തിന്റെ ദാസന്മാരാണെന്ന കാര്യം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അവൻ തന്നെയാണ് നമ്മുടെ സ്രഷ്ടാവ് എന്നതും മുന്നിൽ വെക്കേണ്ടതാണ്.

♦ നോർഡർസ്റ്റെഡ്റ്റിലെ ലോർഡ് മേയറായ എൽകെ ക്രിസ്റ്റിന റോഡർ സാഹിബ (Elke Christina Roder, Lord Mayor of Norderstedt) തുടർന്ന് വേദിയെ അഭിമുഖീകരിച്ചു. ഹുദൂറിനും വേദിയിൽ സന്നിഹിതരായവർക്കും സലാം പറഞ്ഞതിനോടൊപ്പം അവർ ഈ പ്രോഗ്രാമിലേക്ക് ക്ഷണിച്ചതിൽ നന്ദിയും രേഖപ്പെടുത്തി. ആശംസകൾ നേർന്നു. തുടർന്ന് അവർ പറഞ്ഞു:വളരെ വർഷങ്ങളായി നിങ്ങൾ നിങ്ങളുടെ സമയം ഈ പ്രവൃത്തിയിൽ ചെലവഴിച്ചു. നിങ്ങളുടെ മസ്ജിദ് ഇവിടെ നല്ല രീതിയിൽ നിരമിതമാകട്ടെ. നിങ്ങളിൽനിന്നുള്ള വളരെയധികം ആളുകൾ മസ്ജിദ് നിർമാണത്തിനുവേണ്ടി കഠിന പ്രയത്നം ചെയ്തു. നിശ്ചയമായും ഇതിൽ ചീറ്റല്യലെറേ ന്റെ പൗരന്മാരും ഉൾപ്പെട്ടിരിക്കുന്നു. നിങ്ങളെല്ലാവരും ഈ ദിനത്തെ പ്രതീക്ഷിക്കുകയായിരുന്നു.

ജർമൻ ഭാഷയിൽ ഒരു പഴഞ്ചൊല്ലുണ്ട്. 'ഏതൊരു വസ്തു ഉണ്ടാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുവോ അത് നിശ്ചയമായും നല്ലതായി തീരുന്നു.' അതുകൊണ്ട് എന്റെ ആഗ്രഹമാണ്, ഈ മസ്ജിദ് അഹ്മദിയ്യാ ജമാഅത്തിന് വളരെയധികം നല്ലതായി ഭവിക്കുമാറാകട്ടെ. നിങ്ങളുടെ ആഗ്രഹത്തിന് അനുസരിച്ചുള്ള ആരാധനാലയമാണിത്. ദൈവത്തിനോടുള്ള ഭയവും ആത്മീയാന്തരീക്ഷവും സ്വഷ്ടിക്കുന്ന മസ്ജിദായി ഇതു മാറട്ടെ. ഈ മസ്ജിദ് എന്നെന്നും സമാധാനം പരത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

വളരെ വർഷങ്ങളായി നിങ്ങൾ ഞങ്ങളുടെ സമൂഹത്തിന്റെ ഭാഗമായിക്കൊണ്ട് ഇവിടെ ഗുണഫലങ്ങളും എത്തിച്ചുകൊണ്ടിരിക്കുന്നു. കുഴപ്പങ്ങൾ സ്വഷ്ടിക്കുന്നതിനും സമൂഹത്തിൽ ഭിന്നിപ്പ് സ്വഷ്ടിക്കുന്നതിനും ഐക്യം ഇല്ലാതാക്കുന്നതിനും ഇക്കാലഘട്ടത്തിൽ ചില രാഷ്ട്രീയക്കാരും തീവ്രവാദികളും മുഴുകിയിരിക്കുന്നു. ഇക്കാര്യം ലോകമെങ്ങും അറിയിക്കേണ്ടത് നമ്മുടെ കടമയാണ്. ഓരോ മതത്തിന്റേയും സംസ്കാരത്തിന്റേയും ആളുകൾ ഇവിടെ സമാധാനത്തിൽ കഴിയാൻ ആഗ്രഹിക്കുന്നെങ്കിൽ ഞങ്ങളോടൊപ്പം കഴിയേണ്ടതാണ്. സമാധാനവും ഐക്യവും നിലനിറുത്താൻ സ്നേഹം, അനുകമ്പ, പരസ്പര ബഹുമാനം തുടങ്ങിയവ അടിസ്ഥാന കാര്യങ്ങളാണ്. നമ്മളെല്ലാവരും ആഗ്രഹിക്കുന്നത് സമാധാനത്തോടും സന്തോഷത്തോടുംകൂടി ഇടപഴകി ജീവിക്കണമെന്നാണ്. നന്ദി.

സംസ്ഥാന അസംബ്ലി അംഗമായ ടോബിയസ് വോണ് ഡേർ ഹെയ്ഡെ(Tobias von der Heide) സാഹിബ് തുടർന്ന് വേദിയെ അഭിമുഖീകരിച്ചു. അവർ പ്രാരംഭമായി ഹുദൂറിനും സന്നിഹിതരായവർക്കും സലാം പറഞ്ഞു. തുടർന്ന് അവർ പറഞ്ഞു: ഞാൻ കീലിൽ(Kiel) നിന്ന് ഈ പ്രോഗ്രാമിൽ പങ്കെടുക്കാൻ വന്നതാണ്. ഈ പരിപാടിയിൽ അഹ്മദിയ്യാ മുസ്‌ലിമീങ്ങൾ മാത്രമല്ല പങ്കെടുക്കുന്നത് എന്നറിഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. പ്രാദേശിക അസംബ്ലിയിലെ രാഷ്ട്രീയക്കാരും അയൽവാസികളും മറ്റും ഇതിൽ പങ്കെടുക്കുന്നുണ്ട്.

ഷെൽസ്വിഗ് ഹൊയ്സ്റ്റൈൻ(Schleswig Hoistein) ജില്ലയിൽ അഹ്മദിയ്യാ ജമാഅത്ത് ഒരു സുപ്രധാന പങ്കാളി(Partner)യാണ്. അവരുടെ സമാധാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിശ്വാസങ്ങളും നമ്മുടെ വീക്ഷണവും വളരെയധികം യോജിപ്പുള്ളതാണെന്നതാണ് ഇതിന്ന് ഒരു കാരണം. ഇതിലെ സുപ്രധാന ഭാഗം റഹ്മാനിയ്യത്ത് എന്ന ഗുണമാണ്. കൂടാതെ നീതിയെ കുറിച്ചുള്ള നിങ്ങളുടെ അധ്യാപനത്തിന്റെ വശവുമുണ്ട്. സ്ത്രീ പുരുഷാവകാശങ്ങളിലെ സമത്വം, മതവും ഭരണകൂടവും വേറിട്ട് നില്ക്കൽ, നാനാവിധ അക്രമ പ്രവർത്തനങ്ങളിൽ നിന്നുള്ള വിടുതൽ തുടങ്ങിയ മൂല്യങ്ങളെല്ലാം നാമെല്ലാവരിലും ഉണ്ടാകേണ്ടതാണ്.ഇക്കാര്യങ്ങളൊന്നും നിങ്ങൾ രഹസ്യമാക്കി വെക്കാറില്ലെന്നതാണ് ഏറ്റവും പ്രധാനമായത്. എന്നു മാത്രമല്ല, എല്ലാ മനുഷ്യ സമൂഹത്തോടും നിങ്ങൾ സ്നേഹത്തോടെ പെരുമാറുന്നു. ഇക്കാര്യങ്ങൾ ഇന്ന് ഈ പരിപാടിയിലും നമുക്ക് ദർശിക്കാൻ സാധിക്കുന്നു. ചോദ്യങ്ങൾക്ക് മറുപടി പറയുന്ന, ആതിഥ്യം അരുളുന്ന ഒരു സുഹൃത്ത് ഞങ്ങളെല്ലാവരോടുമൊപ്പം എപ്പോഴുമുണ്ട്. സ്വന്തം പരിപാടികളിൽ എപ്പോഴും നിങ്ങൾ നമുക്ക് ക്ഷണം നല്കുന്നു. പോസ്റ്ററുകൾ മുഖേന സ്വന്തം സന്ദേശം ഇതരരിലേക്ക് എത്തിക്കുന്നു. ഞങ്ങളുടെ സമൂഹത്തിന്റെ ഭാഗമാണ് നിങ്ങൾ. കോർപേഴ്സ് ചാഫ്റ്റ് ഡെസ് ഒഫന്റിലിച്ചെൺ റെക്റ്റ്സ് (Korperschaft des offentlichen Rechts) എന്ന പദവി നിങ്ങൾക്ക് കിട്ടിയിട്ടുണ്ട്.(അതായത് ഗവണ്മെന്റ് തലത്തിൽ ചർച്ചിന് സമാനമായിട്ടുള്ള പദവിയാണിത്. -റിപ്പോർട്ടർ)ഇത് ഒരു സാധാരണ കാര്യമല്ല. വളരെയധികം ജമാഅത്തുകളും സംഘടനകളും ഇതു നേടാൻവേണ്ടി ശ്രമിച്ചു വരുന്നു. എന്നാൽ, നിങ്ങൾ നമ്മുടെ ഭരണഘടനക്ക് അനുരൂപമായി പ്രവർ

ത്തിക്കുന്നു എന്നത് സുവ്യക്തമാക്കുന്ന കാര്യം മാത്രമാണിത്. എന്റെ അഭിപ്രായത്തിൽ ഇക്കാര്യം നിങ്ങൾ വ്യക്തമാക്കുന്നുമുണ്ട്. ഏതു രീതിയിൽ ഇസ്‌ലാം ജർമനിയുടെ ഭാഗമാകാൻ കഴിയും എന്നതിന് ഒരു ഉദാഹരണമാണിത്. ആകാൻ കഴിയുമെന്നു മാത്രമല്ല, ഇക്കാലഘട്ടത്തിൽ ഇസ്‌ലാം ജർമനിയുടെ ഭാഗമായികഴിഞ്ഞിട്ടുണ്ട്.

എനിക്ക് വളരെ പ്രധാനമെന്നു തോന്നുന്ന ഒരു കാര്യം ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ക്രൈസ്റ്റ് ചർച്ചിൽ(christchurch)നടന്ന തീവ്രവാദ ആക്രമണമാണത്. ഇന്നത്തെ ദിവസവും നമ്മൾ ചില സുരക്ഷാ ഏർപ്പാടുകൾ കണ്ടിട്ടുണ്ടാകും. പിന്നെ ഹാല്ലെ(Halle)യിലുണ്ടായ സംഭവം. ജർമനിയിലും ജനങ്ങളുടെമേൽ കേവലം അവരുടെ മതം കാരണത്താലും അക്രമം നടത്താൻ സാധിക്കുമെന്ന് നമുക്ക് കാണിച്ചു തന്നു.

നാമെല്ലാവരും ചേർന്ന് ഇത്തരത്തിലുള്ള ശത്രുതകൾക്കെതിരിൽ ശബ്ദം ഉയർത്തേണ്ടതുണ്ട്. രാജ്യത്ത് നിലവിലുള്ള മതസ്വാതന്ത്ര്യത്തെ സംരക്ഷിക്കേണ്ടതുണ്ട്. ഇതു വിഷയകമായി വ്യക്തമായ ഒരു വശം മതവിഭാഗങ്ങൾക്കിടയിൽ നടക്കുന്ന ചർച്ചകളാണ്(interreligious dialogue). ഒടുവിൽ ഈ മസ്ജിദ് എല്ലാവരും ഒന്നുചേരുന്ന ഒരു സമാധാന ഗേഹമാകണമെന്നതാണ് എന്റെ ആഗ്രഹം. നാമെന്നും ഇവ്വിധത്തിൽ, 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്ന മുദ്രാവാക്യം ഓർത്തുവെക്കേണ്ടതാണ്.

♦നാഷണൽ അസംബ്ലി അംഗമായ ജെറോ സ്റ്റോർജോഹാൻ (Gero Storjohann) സാഹിബ് ശേഷം വേദിയെ സംബോധനചെയ്തു. ഹുദൂറിനേയും സന്നിഹിതരായവരേയും സ്വാഗതം ചെയ്തതിന്നു ശേഷം അദ്ദേഹം പറഞ്ഞു:

ഈ മസ്ജിദ് നിർമിക്കാൻ 30 വർഷമാണ് എടുത്തത്. നിശ്ചയമായും അത് എളുപ്പമായ സമയമായിരുന്നില്ല. എന്നാൽ, ജമാഅത്ത് ഇതു സംബന്ധമായി നല്ല പ്രവർത്തനം നടത്തി. നിങ്ങളുടെ ജമാഅത്ത് സമാധാന കാംക്ഷികളാണെന്ന കാര്യം ജനങ്ങൾക്കിടയില് സുവ്യക്തമായി.

മസ്ജിദുദ്ഘാടനത്തിൽ എനിക്ക് വളരെ സന്തോഷം തോന്നുന്നു. മുസ്‌ലിമീങ്ങൾ ജർമനിയിൽ മസ്ജിദുകൾ ഉണ്ടാക്കുമ്പോൾ ഇതൊരു സാധാരണ പ്രവൃത്തിയാകേണ്ടതുണ്ട്. ഏതെങ്കിലും ഒരു വീട് നിർമിക്കുമ്പോൾ നിശ്ചയമായും അതു ചെയ്യുന്നവർ അവിടെ താമസിക്കാനാഗ്രഹിക്കുന്നു എന്ന കാര്യമാണ് മസ്ജിദു നിർമാണം വ്യക്തമാക്കുന്നത്. ഇത്തരം വ്യക്തികൾക്ക് ജർമനിയിൽ സ്വന്തമായ ഒരു വീട് ലഭിച്ചിരിക്കുന്നു എന്ന് വെളിവാകുന്നു. അതുകൊണ്ട്, ഒരാൾ തന്നെ മറ്റുള്ളവരിൽ നിന്നെല്ലാം ഒറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നു എന്നതിന് ഒരു വിധത്തിലും മസ്ജിദ് നിർമാണം അടയാളമാകുകയില്ല. എന്നു മാത്രമല്ല, ഇതിൽനിന്നു ഉദ്ഗ്രഥനം(integration)വെളിവാകുന്നു. നാഹെ(Nahe) യിൽ വളരെ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെട്ടില്ല എന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ആദ്യദിവസം മുതൽതന്നെ നിങ്ങളുടെ ജമാഅത്ത് വിട്ടുവീഴ്ചാമനോഭാവത്തോടെ(transparency) പ്രവൃത്തിച്ചു. ഇതിന്റെ പ്ലാനിംഗിലും നിർമാണ പ്രവൃത്തിയിലും വളരെയധികം കാലതാമസം എടുത്തു. എന്നലിത് ഇതര പ്രവൃത്തികളിലും സംഭവിക്കാറുണ്ട്. അത് ഒരു എയർപ്പോർട്ട്(airport)നിർമിക്കുമ്പോഴായാലും റോഡ് നിർമിക്കുമ്പോഴായാലും സൈക്കിൾ യാത്രക്കുള്ള വഴിയായാൽ പോലും ഇതുണ്ടാകാറുണ്ട്. താമസം നേരിട്ടതിന്നു മറ്റൊരു കാരണവുമുണ്ട്.നിങ്ങളുടെ ജമാഅത്തംഗങ്ങളിൽനിന്നു മാത്രമേ നിങ്ങൾ ഇതിന്നുള്ള പണം സ്വീകരിക്കാറുള്ളൂ. ഒരു തരത്തിലുമുള്ള ഒരു കടവും(cridit) നിങ്ങൾ വാങ്ങിയിട്ടുമില്ല. നിങ്ങൾ ഒരു സാധാരണ മസ്ജിദാണ് ഉണ്ടാക്കിയത്. പ്രസംഗത്തിനൊടുവിൽ അദ്ദേഹം വീണ്ടും മംഗളമാശംസിക്കുകയും മസ്ജിദ് നിർമിക്കാൻ സാധിച്ചതിൽ അനുഗ്രഹമാശംസിക്കുകയും ചെയ്തു.

ശേഷം 05.40-ന് ഹുദൂർ അയ്യദഹുല്ലാഹുത്ത ആല ബിനസ്വ്‌രിഹിൽ അസീസ് അതിഥികളെ സംബോധന ചെയ്തു.

മസ്ജിദ് ബയ്ത്തുൽ ബസ്വീറിന്റെ ഉദ്ഘാടനാവസരത്തിൽ

**ഹുദൂർ അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസിന്റെ പ്രഭാഷണം**

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയക്കുശേഷം ഹുദൂർ അൻവർ പറഞ്ഞു: ആദരണീയരായ സകല അതിഥികൾക്കും ***അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.***

അല്ലാഹു നിങ്ങളെല്ലാവരേയും ശാന്തി സമാധാനത്തോടെ വെക്കുമാറാകട്ടെ. ആദ്യമായി ഞാൻ നിങ്ങളെല്ലാ അതിഥികളക്കും നന്ദി പറയാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഞങ്ങളുടെ ഈ മസ്ജിദുദ്ഘാടന പരിപാടിക്കായി എത്തിച്ചേർന്നിരിക്കുകയാണ്. ഈ ചെറിയ സ്ഥലത്ത് അഹ്മദിയ്യാ ജമാഅത്തിൽ അംഗമല്ലാത്ത അമുസ്‌ലിമീങ്ങളിൽ ഇത്രയധികം പേർക്ക് എത്തിച്ചേരാൻ സാധിക്കുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. എങ്കിലും നിങ്ങൾ വിശാലമനഃസ്തരും തെളിവാർന്ന മനസ്സിന്റെ ഉടമകളുമാണെന്നും കാണിക്കുന്ന കാര്യമാണ് നിങ്ങളുടെ ഇവിടേക്കുള്ള ആഗമനം. ഏതെങ്കിലും തരത്തിലുള്ള ഒരു പരിചയം കാരണത്താലാണ് നിങ്ങളിവിടെ വന്നതെന്നതിലും എനിക്ക് സന്തോഷമുണ്ട്. അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ ഈ പ്രദേശത്ത് തുറന്ന മനസ്സോടെ നിങ്ങളോടൊപ്പം ജീവിച്ചു വരുന്നു. നിങ്ങളും അവരെ സ്വീകരിച്ചിരിക്കുന്നു. ഈ നല്ല പ്രത്യക്ഷ ബന്ധം നമ്മുടെ മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിലും നിങ്ങൾക്കു പങ്കെടുക്കുവാൻ പ്രചോദനമേകി. ഇത് നമുക്ക് സന്തോഷം നല്കുന്ന കാര്യമാണ്. എന്നാൽ, നമ്മുടെ സന്തോഷത്തിൽ ഭാഗഭാക്കാകുന്നതിന്നു വേണ്ടി ഇവിടേക്കുള്ള നിങ്ങളുടെ ആഗമനം മറ്റൊരു സന്തോഷവും നമ്മുടെ ഉള്ളിൽ വർധിപ്പിക്കുന്നുണ്ട്. അഹ്മദീ മുസ്‌ലിമീങ്ങൾ സ്വന്തം അയൽവാസികളെ കുറിച്ച് ചിന്തിക്കുന്നു, അവരുമായി ബന്ധങ്ങൾ സൃഷ്ടിക്കുന്നു. ഈ നന്ദി വാക്കുകൾക്കുശേഷം ഞാൻ ചില കാര്യങ്ങൾ പറയാം.

ഇതൊരു ചെറിയ ഗ്രാമമാണെന്ന് അമീർ സാഹിബ് പറഞ്ഞു. ഈ ചെറിയ ജനവാസ മേഖലയിൽ നമ്മുടെ ആദ്യ മസ്ജിദാണ് നിർമിക്കപ്പെട്ടിട്ടുള്ളത്. ചെറിയ ഗ്രാമമാകുകയെന്നതോ അല്ലെങ്കിൽ വലിയ പട്ടണമാകുകയെന്നതോ ഒന്നും ഒരു പ്രാധാന്യവും അർഹിക്കുന്നില്ല. യഥാർഥ കാര്യം അവിടെയുള്ള ജനങ്ങളുടെ സൽസ്വഭാവവും പരസ്പര സഹകരണവുമാണ്. ഇക്കാര്യം മനസ്സിലാക്കേണ്ടതുണ്ട്. എന്നല്ല, ചെറിയ സ്ഥലങ്ങളിൽ ലാളിത്യവും ആത്മാർഥതയും കൂടുതലാണ്. ചെറിയ പട്ടണങ്ങളിലും ഗ്രാമങ്ങളിലും മറ്റും വസിക്കുന്നവർ താരതമ്യേന വലിയ പട്ടണത്തിൽ താമസിക്കുന്നവരേക്കാൾ കൂടുതല് ലാളിത്യം കാത്തു സൂക്ഷിക്കുന്നവരാണ്. ഇതു വളരെ നല്ല ഒരു കാര്യമാണ്. അതുകൊണ്ടുതന്നെ വളരെയധികം നഗരവാസികൾ പുറത്ത് ഗ്രാമങ്ങളിൽപോയി വീടുവെച്ച് താമസിക്കാനാഗ്രഹിക്കുന്നു.ഞാൻ യൂ.കെയിലാണ് താമസിക്കുന്നത്. അവിടെ ഇതൊരു ശീലമാണ്. സാധ്യമാകുന്നവരെല്ലാം പുറത്തുപോയി തുറന്ന അന്തരീക്ഷത്തിൽ വീട് വെക്കുന്നു. ഒരു ലാളിത്യത്തിന്റെ അന്തരീക്ഷം പ്രാപ്തമാകുന്നു എന്നതാണ് ഇതിലുള്ള ഒരു പ്രയോജനം. തുറന്ന അന്തരീക്ഷം ലഭിക്കുന്നു എന്നതാണ് രണ്ടാമത്തെ നേട്ടം. നാനാതരം മലിനീകരണത്തിൽനിന്നു സുരക്ഷിതമായ അന്തരീക്ഷമാണ് അത്തരം സ്ഥലങ്ങളിൽ. ഒരു പുതു അന്തരീക്ഷത്തിന്റെ സാന്നിദ്ധ്യമുണ്ട്. ഈയടിസ്ഥാനത്തിൽ ചെറുതാണെങ്കിലും ഇവിടെ താമസിക്കുന്നവർക്ക് അനുനിമിഷം തുറന്ന അന്തരീക്ഷത്തിന്റെ സുഖം ആസ്വദിക്കാൻ സാധിക്കുന്നു. അതുപോലെതന്നെ ലാളിത്യം കാരണത്താൽ സ്വന്തം ആത്മാർഥതയ്ക്ക് അമരത്വം നല്കുന്നവരാകും ഇവിടെ വസിക്കുന്നവരെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. സ്വന്തം സ്രഷ്ടാവുമായുള്ള ബന്ധത്തിനും എന്നും പുതുമ നല്കുന്നവരാകുമെന്നും പ്രതീക്ഷിക്കുന്നു.

ഇത് ചരിത്രപരമായും പ്രാധാന്യമുള്ള സ്ഥലമാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. ചരിത്രം സുപ്രധാനമാണ്. സമുദായങ്ങൾ സ്വന്തം ചരിത്രത്തെ സുരക്ഷിതമാക്കേണ്ടതാണ്. ലോകത്തിന്റെ കണ്ണുകളിൽ നിന്നു അപ്രത്യക്ഷമായിട്ടുള്ള വളരെയധികം കാര്യങ്ങൾ മുമ്പിലെത്തിക്കുന്നത് ചരിത്രമാണ്. ഇസ്‌ലാമിനെ സംബന്ധിച്ച് വളരെയധികം കാര്യങ്ങൾ പറയപ്പെടുന്നുണ്ട്. വളരെയധികം ആശങ്കകൾ നിലനില്ക്കുന്നുണ്ട്. ഇസ്‌ലാമിക ചരിത്രം നമ്മൾ നോക്കുകയാണെങ്കിൽ മുസ്‌ലിമീങ്ങൾ ഒരുപക്ഷേ, തീവ്രവാദികളാകാം എന്നൊക്കെയുള്ള ആശങ്കകൾ നിരാകരിക്കുന്നതാണ്. ഇസ്‌ലാമിന്റെ ആരംഭകാലത്തേക്ക് നോക്കുകയാണെങ്കിൽ ഇസ്‌ലാം മത സ്ഥാപകരായ നബി(സ)തിരുമേനിയും അനുചരന്മാരും 13 വർഷം മക്കയിൽ എതിർപ്പിനെ നേരിട്ടു. ശത്രുക്കൾ ആ മഹാത്മാവിനെ കഷ്ടപ്പെടുത്തി. ദ്രോഹിച്ചു. ഇസ്‌ലാം സ്വീകരിച്ചവരെ കൊലപ്പെടുത്തി. ഒടുവിൽ അവർ നാട്ടിൽനിന്ന് പലായനം ചെയ്ത് മദീനയിൽപോയി. അവിടെ ചെറിയൊരു ഇസ്‌ലാമിക ഭരണകൂടം സ്ഥാപിതമായി. സ്ഥാപിതമായ പ്രസ്തുത ഭരണകൂടത്തിൽ എല്ലാവരും മുസ്‌ലിമീങ്ങൾ മാത്രമായിരുന്നില്ല, അവിടെ യഹൂദരും കൂടുതലായിരുന്നു. അവരോടു കരാറുകൾ ചെയ്യപ്പെട്ടു. അതിന് കീഴിൽ ഓരോരുത്തർക്കും അവരവരുടെ ശരീഅത്ത് അനുസരിച്ച് നിയമത്തിൽ പ്രശ്നപരിഹാരം നടപ്പിലാക്കപ്പെട്ടു. സമ്മിശ്രമായ കാര്യങ്ങളിൽ ഒരു നിയമവും കൊണ്ടുവന്നു. ഇതനുസരിച്ച് ഓരോ വിഭാഗവും പ്രവർത്തിച്ചിരുന്നു.

മുസ്‌ലിമീങ്ങളിൽ തീവ്രവാദം നിലനില്ക്കുന്നുവെന്നും സ്വന്തം മതത്തെ പ്രചരിപ്പിക്കാനാണ് അത് ചെയ്തിരുന്നതെന്നും പറയപ്പെടുന്നു. ഇതു വിഷയകമായി മുമ്പേയും വിവിധ അവസരങ്ങളിൽ വളരെയധികം കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞിട്ടുണ്ടെങ്കിലും വളരെ പേർക്ക് ഈ ചരിത്രം അറിയാത്തതുകൊണ്ടാകാം, നിങ്ങളിൽ ചിലർ ഒരു പക്ഷേ ഞാൻ പറഞ്ഞത് കേട്ടിട്ടുമുണ്ടാകാം. എങ്കിലും സംക്ഷിപ്തമായി ഞാൻ വിവരിക്കാം. മദീനയിലേക്കുള്ള പലായനത്തിനുശേഷം, ഇത്രയധികം അതിക്രമങ്ങൾ ക്ഷമയോടെ കഴിച്ചു കൂട്ടിയതിനുശേഷം വിവിധ മതസ്ഥരോടൊപ്പവും ഗോത്രങ്ങളോടൊപ്പവും മുസ്‌ലിമീങ്ങൾ ശാന്തി യോടും സമാധാനത്തോടും കൂടെ ജീവിതം ആരംഭിച്ചു. എന്നിട്ടും മക്കയിലെ ജനത അവരെ സമാധാനത്തോടെ ജീവിക്കാൻ അനുവദിച്ചില്ല. ഇവിടേയും അവർ മുസ്‌ലിമീങ്ങൾക്കെതിരെ ആക്രമണം നടത്തി. ഈ ആക്രമണത്തെ യുദ്ധംകൊണ്ട് നേരിടാനുള്ള ആദ്യ കൽപന അല്ലാഹു വിശുദ്ധ ഖുർആനിൽ നില്കി. ആക്രമണം നടത്തുന്നവർ മത വിരോധികളാണെന്നും ഇനിയും ഇവർക്ക് മറുപടി ശക്തമായ രീതിയിൽ നല്കിയില്ലെങ്കിൽ ഒരു ജൂതദേവാലയവും ബാക്കിയാകുകയില്ല, ചർച്ചും അവശേഷിക്കുകയില്ല, മഠങ്ങളും നിലിനില്ക്കില്ല, മസ്ജിദുകളും ബാക്കിയാകില്ല എന്നതായിരുന്നു ആ കൽപന. ഈ വചനത്തിന്റെ ക്രമത്തിൽ ദൃഷ്ടി പായിച്ചാൽ മസ്ജിദിനെ കുറിച്ച് ഏറ്റവും അവസാനമാണ് സൂചിപ്പിച്ചതെന്നു കാണാം. ചുരുക്കത്തിൽ മതത്തിന് സംരക്ഷണം നല്കൽ അനിവാര്യമാണെന്നതുകൊണ്ട് മറുപടി നല്കുക. കാരണം ഇവർ മതവിരോധികളാണ്. ഈ വിവരണത്തിനുശേഷം ശത്രുക്കളുടെ ഏതൊരു ആക്രമണത്തേയും യുദ്ധങ്ങളേയും കുറിച്ചു ശരിയായ രീതിയിൽ നീതിപൂർവ്വം വിശകലനം നടത്തുകയാണെങ്കിൽ മുസ്‌ലിമീങ്ങളുടെ മേൽ യുദ്ധം അടിച്ചേൽപ്പിക്കുയായിരുന്നുവെന്ന് മനസ്സിലാകും. അവർക്ക് നഷ്ടം വരുത്താൻ ശ്രമിക്കുകയായിരുന്നു. ഇതിനെ തുടർന്നാണ് മറുപടി എന്ന നിലയില് മുസ്‌ലിമീങ്ങളും യുദ്ധം ചെയ്തത്. ഈ ചരിത്രം വളരെ പ്രാധാന്യമുള്ളതാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ ഞാൻ ഇസ്‌ലാമിക ചരിത്രവും വ്യക്തമാക്കി. പാശ്ചാത്യ രാജ്യങ്ങളിൽ വസിക്കുന്നവരുടെ ഹൃദയങ്ങളിൽ മുസ്‌ലിമീങ്ങളെ സംബന്ധിച്ച് ആശങ്കകൾ നിലനിൽക്കുന്നെങ്കിൽ നീങ്ങിപോകേണ്ടതാണ്.

ചില മുസ്‌ലിമീങ്ങളുടെ പ്രവൃത്തികളും ഇതേ പ്രകാരത്തിലുള്ളതാണ്. എന്നാലിവിടെ ചില പ്രസംഗകർ സൂചിപ്പിച്ചതുപോലെ ചില അമുസ്‌ലിമീങ്ങളും ആക്രമണം നടത്തുന്നു. അതുകൊണ്ട്, തീവ്രവാദം കാണിക്കുക എന്നത് മുസ്‌ലിമീങ്ങളുടെ അദ്ധ്യാപനം അല്ല. എന്നു മാത്രമല്ല, ഇത് അവരുടെ സ്വന്തം പ്രവൃത്തിയാണ്. ഇസ്‌ലാമിക അദ്ധ്യാപനങ്ങൾക്ക് ഘടക വിരുദ്ധവുമാണ്. ചുരുക്കി പറയട്ടെ, മുസ്‌ലിമീങ്ങളുടെ ഭാഗത്തു നിന്നു എന്തെങ്കിലും തീവ്രവാദം നടക്കുന്നുണ്ടെങ്കിൽ അത് അവരുടെ സ്വന്തം പ്രവർത്തിയാണ്. ഇസ്‌ലാമിക ചരിത്രം നമ്മളോടു പറയുന്നത് ഇത് അനുവദനീയമല്ലെന്നാണ്. ഇസ്‌ലാമിന്റെ അധ്യാപനങ്ങളും ഇത് അനുവദനീയമല്ലെന്നാണ് പറയുന്നത്.

പേജ് 5 ൽ നിന്ന്

മുമ്പിൽ ഇനിയുണ്ടായിരുന്ന വിഷയം ദീനിന്റെ ഐക്യം ശക്തിപ്പെടുത്താനും ഇസ്‌ലാമിനെ അഭ്യുന്നതിയിലെത്തിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നതായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) സിദ്ദീഖിന്റെ രാഷ്ട്രതന്ത്രജ്ഞതയുടെ വലയം കേവലം ഇസ്‌ലാമിക പ്രതാപത്തിൽ മാത്രമായിരുന്നു. ഈ ഒരാഗ്രഹം മാത്രമാണ് എല്ലാ നിമിഷവും അദ്ദേഹത്തിന്റെ മനോമുകുരത്തിലുണ്ടായിരുന്നത്. *(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർറജ്ജിം പേജ് 243-244, അഞ്ചും സുൽത്വാൻ ശഹ്ബാസ്, ബുക് കോർണർ ഷോ റൂം ഝലം)*

എല്ലാ കലാപകാരികളായ മുർത്തദ്ദീങ്ങളെയും പൂർണമായും ഇല്ലാതാക്കിയതിനു ശേഷം ഓരോരുത്തരും ഉറച്ച് മനസ്സിലാക്കിയത് അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയ്ക്കു മുന്നിൽ ഒരു കുഴപ്പക്കാരനും നിൽക്കാൻസ്ഥൈര്യംകിട്ടില്ലഎന്നായിരുന്നു. എന്നാൽ, സാധാരണക്കാരെപോലെ ഹദ്റത്ത് അബൂബക്ർ(റ) ഏതെങ്കിലും സന്തോഷത്തിൽ മതിമറന്നില്ല. ബാഹ്യശക്തികൾ മുർത്തദ്ദീങ്ങളുടെയും കലാപകാരികളുടെയും ഉറങ്ങിക്കിടക്കുന്ന ഫിത്നയെ വീണ്ടും ഉണർത്തി അശാന്തി പരത്താൻ നിമിത്തമാകുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഈ ഫിത്ന താൽകാലികമായി ഉറങ്ങിയതായിരിക്കാം. ബാഹ്യശക്തികൾ അതായത് ഇസ്‌ലാമിന്റെ എതിരാളികൾ വലിയ വലിയ ഭരണകൂടങ്ങളായിരുന്നു. അറേബ്യയുടെ അതിർത്തികളിൽ വീണ്ടും അവർക്ക് അസ്വസ്ഥത ഉണ്ടാക്കാൻ കഴിയുമായിരുന്നു. അതുകൊണ്ട് അദ്ദേഹം സന്തോഷത്തിൽ അഭിരമിച്ചില്ല. അറേബ്യൻ ഗോത്രങ്ങളിൽ നിന്നും പ്രതീക്ഷിച്ചകൊണ്ടിരുന്ന ഈ അസ്വസ്ഥതയിൽനിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി അറേബ്യൻ ഗോത്രങ്ങളുടെ ശ്രദ്ധ ഇറാനിലേക്ക് ശാമിലേക്കും തിരിക്കുന്നത് ഉചിതമെന്ന് അദ്ദേഹം മനസ്സിലാക്കി. അങ്ങനെഅവർക്ക്ഭരണകൂടത്തിന്നെതിരിൽ ഫിത്ന ഉണ്ടാക്കാൻ അവസരം കൊടുക്കരുതെന്നും ഈ തരത്തിൽ മുസ്‌ലിമീങ്ങൾക്ക് സമാധാനം കിട്ടണമെന്നും അവർ ഹൃദയപൂർവ്വം ദീനീ കൽപനകൾ പ്രാവർത്തികമാക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. *(സയ്യിദുനാ സിദ്ദീഖെ അക്ബർ, ഹക്കീം ഗുലാം നബി എം.എ, പേജ് 178)*

അങ്ങനെ അറേബ്യൻ അതിർത്തികൾ പ്രതിരോധിക്കാനും ഇസ്‌ലാമിക ഭരണകൂടത്തെ അതിന്റെ ശക്തരായ എതിരാളികളിൽനിന്ന് സുരക്ഷിതമാക്കാനും പ്രസ്തുത ശക്തരായ സമൂഹങ്ങളിലേക്ക് ഇസ്‌ലാമിക സന്ദേശമയക്കേണ്ടത് അനിവാര്യമായിരുന്നു. അതുമുഖേന ഈ ജനതകൾ ഇസ്‌ലാമിന്റെ ആഗോള സന്ദേശത്തെ അംഗീകരിച്ചുകൊണ്ടോ മനസ്സിലാക്കിക്കൊണ്ടോ സ്വയം സമാധാനത്തിലെത്തുകയും അങ്ങനെ തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടുകയുംവേണം. അതോടൊപ്പം അവരുടെ സൈനിക നീക്കങ്ങളിൽനിന്ന് സുരക്ഷിതരായിക്കൊണ്ടു സ്വതന്ത്രമായി താന്താങ്ങളുടെ ദീനിൽ നില്ക്കാനും കഴിയണം. ഏതായിരുന്നാലും ഈ കാര്യങ്ങൾക്ക് വേണ്ടി ഹദ്റത്ത് അബൂബക്ർ(റ) അവലംബിച്ച യുക്തിഭദ്രമായ നീക്കങ്ങളെ കുറിച്ച് ചരിത്ര ഗ്രന്ഥങ്ങളിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: മുർത്തദ്ദീങ്ങളായ കലാപകാരികളോടുള്ള യുദ്ധങ്ങളും സൈനിക നീക്കങ്ങളും അവസാനിച്ചശേഷം ഹദ്റത്ത് അബൂബക്ർ(റ) തുടർന്നുള്ള നീക്കങ്ങളെ കുറിച്ച് ചിന്തിക്കാൻ തുടങ്ങി. അതായത് അറേബ്യയുടെയും ഇസ്‌ലാമിൻറെയും അതിപുരാതന ശത്രുക്കളായ ഇറാൻ, റോമൻ സാമ്രാജ്യങ്ങളിൽനിന്ന് സ്ഥായിയായ സംരക്ഷണത്തിനുവേണ്ടി എന്ത് പ്രവർത്തന രൂപരേഖയാണ് പ്രാവർത്തീകമാക്കേണ്ടതെന്നതിനെ കുറിച്ച് ഹദ്റത്ത് അബൂബക്ർ(റ) ആലോചിക്കാനും തുടങ്ങി. കാരണം നബി(സ)തിരുമേനിയുടെ ജീവിതകാലത്ത് തന്നെ ഈ രണ്ടു ശക്തികളും അറേബ്യയെ തങ്ങളുടെ കീഴിലാക്കാൻ ആഗ്രഹിച്ചിട്ടുണ്ടായിരുന്നു. നബി(സ) തിരുമേന വഫാത്തായപ്പോൾ നിരവധി പ്രദേശങ്ങളിലും ഗോത്രങ്ങളിലും മത നിരാസത്തിന്റെയും കലാപത്തിന്റേയും അഗ്നി മദീനയിലെ ഭരണകൂടത്തെയും വലയം ചെയ്തിട്ടുണ്ടായിരുന്നു. ചില സ്ഥലങ്ങളിൽ ഇതിന് പിന്നിലുണ്ടായിരുന്നു ഒരു കൈ ഈ ശക്തികളുടേതുമായിരുന്നു. ഈ സന്ദർഭത്തെ മുതലെടുത്തുകൊണ്ട് ഹിർഖ്‌ലിന്റെ സൈന്യം ശാമിലും ഇറാനിയൻ സൈന്യം ഇറാഖിലും ഒരുമിച്ച് കൂടി. ഹദ്റത്ത് അബൂബക്ർ(റ), നബി(സ) തിരുമേനിയുടെ പരിശുദ്ധ നിർദേശങ്ങൾ പാലിച്ചുകൊണ്ട് നേരത്തെതന്നെ റോമക്കാർക്കെതിരിൽ ആദ്യത്തെ സൈന്യത്തെ ഹദ്റത്ത് ഉസാമയുടെ നേതൃത്വത്തിൽ അയച്ചുകഴിഞ്ഞിരുന്നു. പക്ഷേ, അക്രമകാരി

ത്വാലിബെ ദുആ



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
**ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.**
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**• ഹദീഥുന്നബ്‌വി(സ) •**

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

*(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*

താലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

കളും നിഷ്ഠൂരരുമായ ഈ ശക്തികളിൽ നിന്ന് ഭയരഹിതമായും സ്വസ്ഥമായും കഴിയുക എന്നത് സാധ്യമല്ലായിരുന്നു. എന്നാൽ, അദ്ദേഹം ഇതിനുവേണ്ടി എന്തെങ്കിലും പ്രവർത്തന രൂപരേഖ എല്ലാവർക്കും മുന്നിൽ സമർപ്പിക്കുന്നതിന് മുമ്പേ തന്നെ അദ്ദേഹത്തിന് കിട്ടിയ അറിയിപ്പ് ഹദ്റത്ത് മുഥ്നാ ബിൻ ഹാരിഥ -ഇദ്ദേഹമാണ് ബഹ്റയ്നിൽ മുർത്തദ്ദീങ്ങളായ കലാപകാരികളുടെ കലാപം അടിച്ചമർത്താൻ സഹായിച്ചിരുന്നത്-തന്റെസുഹൃത്തുക്കളോടൊപ്പം പേർഷ്യൻ കടലോരത്തുകൂടെ വടക്കൻ ഭാഗമായ ഇറാഖിലേക്ക് നീങ്ങിയെന്ന അറിയിപ്പു കിട്ടി.

അവസാനം അദ്ദേഹം ദിജലയുടേയും യൂഫ്രട്ടീസിലെയും താഴ്വര പ്രദേശങ്ങളിലുണ്ടായിരുന്ന അറേബ്യൻ ഗോത്രങ്ങളെ കണ്ടുമുട്ടി. ഹദ്റത്ത് മുഥ്ന ബിൻ ഹാരിഥ ബഹ്റയ്നിലെ ഒരു ഗോത്രമായ ബക്ർബിനു വായിലുമായി ബന്ധമുള്ള ആളായിരുന്നു. ബഹ്റയ്ൻ പ്രദേശം യമാമക്കും പേർഷ്യൻ കടലിനും ഇടയിലാണ് സ്ഥിതി ചെയ്യുന്നത്. അതിൽ ഇപ്പോഴത്തെ ഖത്വറും ബഹ്റയ്ൻ എമിറേറ്റ്സിലെ ദ്വീപുകളും ഉൾപ്പെടുന്നു. അതിന്റെ തലസ്ഥാനം ദാരീൻ ആയിരുന്നു. ഏതായിരുന്നാലും ഹദ്റത്ത് മുഥ്ന ബിൻ ഹാരിഥ്, ഹദ്റത് അലാഅ് ബിൻ ഹള്റമിയുമായി ചേർന്ന് കലാപകാരികൾക്കെതിരേൽ യുദ്ധം ചെയ്തിരുന്നു. ബഹ്റയ്നിലും അതിന്റെ ചുറ്റിലും ഇസ്ലാമിൽ നില നിന്നിരുന്ന ആളുകളും ഇസ്ലാമിക സൈന്യത്തോടൊപ്പം ചേർന്ന് കലാപകാരികൾക്കെതിരിൽ യുദ്ധം ചെയ്തവരുടെയും നേതാവ് ഹദ്റത്ത് മുഥ്നയായിരുന്നു. ഹദ്റത്ത് അബൂബക്ർ[റ] തുടർ നടപടികളെ കുറിച്ച് തീരുമാനം എടുക്കുമ്പോഴേക്കും ഹദ്റത്ത് മുഥ്നാ മദീനയിലെത്തി. ഹദ്റത്ത് അബൂബക്റിന് ഇറാഖിന്റെ അവസ്ഥകളെ കുറിച്ച് അറിയിപ്പ് നൽകി. അതായത് അറേബ്യൻ ഗോത്രങ്ങൾ, ദിജലയുടെയും ഫുറാത്തിന്റേയും താഴ്വര പ്രദേശങ്ങളിൽ താമസിക്കുകയാണ്. അവർ അവിടെയുള്ള തദ്ദേശ നിവാസികളുടെ കൈകളാൽ പ്രയാസത്തിലും അസ്വസ്ഥതയിലുമാണ്. അറേബ്യക്കാർ കൂടുതലായും കൃഷി ചെയ്യുന്നവരായിരുന്നു. അവരുടെ വിളകൾ പാകമാകുമ്പോൾ തദ്ദേശവാസികൾ അത് കൊള്ളയടിക്കുന്നു. അങ്ങനെ ഹദ്റത്ത് മുഥ്നാ ബിൻ ഹാരിഥ, ഇസ്ലാമിക സൈന്യങ്ങളെ അയച്ചുകൊണ്ട് അവരിൽനിന്ന് മുസ്ലിമീങ്ങളെ സംരക്ഷിക്കണമെന്ന് അപേക്ഷിച്ചു. ഹദ്റത്ത് അബൂബക്ർ മദീനയിലെ ഉന്നതരായ സ്വഹാബാക്കളുമായി കൂടിയാലോചന നടത്തി. ഹദ്റത്ത് മുഥ്നാ ബിൻ ഹാരിഥയുടെ അഭിപ്രായം അവർക്ക് മുന്നിൽ വെച്ചു. മദീനയിലുണ്ടായിരുന്ന ആളുകൾ ഇറാഖിന്റെ അവസ്ഥയെ കുറിച്ച് അറിവില്ലാത്തവരായിരുന്നതിനാൽ അവർ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ വിളിച്ച് അദ്ദേഹവുമായി കൂടിയാലോചിക്കുന്നതിന് അഭിപ്രായപ്പെടുകയുണ്ടായി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ആ സമയത്ത് യമാമയിലായിരുന്നു. ഹദ്റത്ത് അബൂബക്ർ അദ്ദേഹത്തെ മദീനയിൽ വിളിപ്പിച്ചു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് മദീനയിലെത്തിയപ്പോൾ ഹദ്റത്ത് അബൂബക്ർ[റ] ഇറാഖിലേക്ക് സൈനിക നീക്കം നടത്തണമെന്ന ഹദ്റത്ത് മുഥ്നായുടെ അഭിപ്രായം അദ്ദേഹത്തിന്റെ മുന്നിൽ വെക്കുകയുണ്ടായി. ഹദ്റത് ഖാലിദ് ബിൻ വലീദിന്റെ അഭിപ്രായം ഇങ്ങനെയായിരുന്നു, ഹദ്റത്ത് മുഥ്നാ ഇറാഖിന്റെ അതിർത്തികളിൽ ഇറാനെതിരിൽ തുടങ്ങി വെച്ചിട്ടുള്ള സൈനിക നീക്കങ്ങൾ ദൗർഭാഗ്യവശാൽ പരാജയപ്പെടുകയും ഹദ്റത്ത് മുഥ്നായുടെ സൈന്യം പരാജയപ്പെടുകയുമാണെങ്കിൽ ഇറാനി ഭരണകൂടം കൂടുതൽ ധൈര്യവാന്മാരായി തീരും.

അവർ ഹദ്റത്ത് മുഥ്നായുടെ സൈന്യത്തെ ഇറാഖിന്റെ അതിർത്തികളിൽ നിന്ന് പുറന്തള്ളുന്നതിൽ മാത്രം തൃപ്തിപ്പെടുന്നതല്ല. മറിച്ച് ബഹ്റയ്നിലും അതിന്റെ പ്രാന്തപ്രദേശങ്ങളിലും പ്രഭാവം ചെലുത്താനും മേൽക്കോയ്മ ഉറപ്പിക്കാനും വീണ്ടും ശ്രമിക്കുന്നതാണ്. ഇത്തരം അവസ്ഥയിൽ ഇസ്ലാമിക ഭരണകൂടത്തിന് അപകടമുണ്ടാകുന്നതാണ്. അതുകൊണ്ട് അദ്ദേഹവും ഈ പ്രായസങ്ങളിൽ നിന്നു രക്ഷപെടുന്നതിനുവേണ്ടി അവർക്ക് സഹായമെത്തിക്കണമെന്ന് അഭിപ്രായപ്പെട്ടു. ഹദ്റത്ത് മുഥ്നായ്ക്ക് അവിടേക്ക് സൈന്യത്തെ അയക്കാനും ഇറാനികൾ അറേബ്യൻ അതിർത്തികളിൽ സ്വാധീനം ഉറപ്പിക്കുന്നതിനു മുമ്പേ അവരെ പരാജയപ്പെടുത്താനും അങ്ങനെ അവരിൽനിന്ന് മേലിൽ അറേബ്യക്ക് ഒരു തരത്തിലുള്ള അസ്വസ്ഥതയും ഇല്ലാതാക്കണമെന്നും പറയുകയുണ്ടായി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് തന്റെ അഭിപ്രായം സമർപ്പിച്ചപ്പോൾ മറ്റു സ്വഹാബാക്കളും ഹദ്റത് മുഥ്നായുടെ അഭിപ്രയങ്ങൾ സ്വീകരിച്ചു. ഹദ്റത്ത് മുഥ്നായെ ഇറാഖിന്റെ അതിർത്തികളിൽ മുന്നേറുന്നതിന് അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന ആളുകൾക്കുമേൽ നേതാവായിനിശ്ചയിച്ചുകൊണ്ട് അവരോട് ഇപ്രകാരം കൽപിച്ചു: 'ഇപ്പോൾ അവിടെയുള്ള അറേബ്യൻ ഗോത്രങ്ങളെ കൂടെകൂട്ടാനും അവരെ ഇസ്ലാം സ്വീകരിക്കാനും പ്രേരിപ്പിക്കുക.' അതോടൊപ്പം അവരോടു പറഞ്ഞു: 'എത്രയും വേഗം മദീനയിൽനിന്ന് ഒരു സൈന്യത്തെ കൂടി സഹായത്തിന് അയച്ചു തരുന്നതാണ്. അവരുമായി ചേർന്ന് കൂടുതൽ സൈനിക നീക്കങ്ങൾ നടത്താൻ കഴിയുന്നതാണ്.

ചില ചരിത്രകാരന്മാരുടെ വീക്ഷണത്തിൽ മുഥന്നാ സഹായമഭ്യർത്തിക്കാൻ മദീനയിൽ പോകുകയോ ഹദ്റത്ത് അബൂബക്റുമായി കൂടിക്കാഴ്ച നടത്തുകയോ ചെയ്തിട്ടില്ല. മറിച്ച് അദ്ദേഹം തന്റെ സൈന്യത്തോടൊപ്പം താഴ്വര പ്രദേശങ്ങളിൽ മുന്നേറിക്കൊണ്ട് ഒരുപാടു ദൂരത്ത് പോയി. അവിടെ ഇറാനിയൻ സേനാപതി ഹുർമുസിന്റെ സൈന്യവുമായി ഏറ്റുമുട്ടേണ്ടി വന്നു. ഹുർമുസ് ആ സമയത്ത് അതിർത്തി പ്രദേശങ്ങളുടെ സേനാനായകനായിരുന്നു. കിസ്റയുടെ പക്കൽ ഒരു വ്യക്തിക്ക് ലഭ്യമാകുമായിരുന്ന ഉന്നതമായ പദവിയിലാണ് ഹുർമുസ് ഉൾപെട്ടിരുന്നത്. ഹുർമുസിനും മുഥന്നാക്കുമിടയിൽ യുദ്ധം നടക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്റിന് ആ സംഭവങ്ങളെ കുറിച്ച് അറിവ് ലഭിച്ചു. ആ സമയത്ത് മുഥന്നായുടെ പേരുപോലും അറിയില്ലായിരുന്നു. ഈ വാർത്തകൾ കിട്ടിയപ്പോൾ അദ്ദേഹം അന്വേഷണം ആരംഭിച്ചപ്പോൾ മനസ്സിലായത് മുഥന്നാ മുർത്തദ്ദീങ്ങൾക്കും കലാപകാരികൾക്കും എതിരായ യുദ്ധത്തിന്നിടയിൽ ബഹറയ്നിനുള്ളിൽ നിരവധി ഉന്നതമായ കർമങ്ങൾ ചെയ്തിട്ടുണ്ടെന്നായിരുന്നു. ഹദ്റത്ത് അബൂബക്ർ[റ], ഖാലിദ് ബിൻ വലീദിനോട് ഇങ്ങനെ കൽപിച്ചു: ഹദ്റത്ത് മുഥന്നായെ സഹായിക്കാൻ ഒരു സൈന്യത്തോടൊപ്പം ഇറാഖിലേക്ക് പോകുക. ഹുർമുസിനെ പരിചയപ്പെടുത്തി ഹീറഹിലേക്ക് നീങ്ങുക. ഹീറഹ് കൂഫയിൽനിന്ന് മൂന്ന് മൈൽ അകലെയുള്ള ഒരു പട്ടണമാണ്. അതോടൊപ്പം ഹദ്റത്ത് ഇയാള് ബിൻ ഗനമിനോട് ദൂമത്തുൽ ജൻദലിലേക്ക് പോകാനും കൽപന കൊടുത്തു. ദൂമത്തുൽ ജൻദൽ ശാമിനും മദീനക്കുമിടയിലുള്ള ഒരു കോട്ടയും ഗ്രാമവുമാകുന്നു. അത് മദീനയിൽ നിന്ന് അക്കാലഘട്ടത്തിലെ യാത്രാരീതി അനുസരിച്ച് പതിനഞ്ചു പതിനാറു ദിവസത്തെ യാത്ര ദൈർഘ്യമുള്ള സ്ഥലമായിരുന്നു. അവിടെയുള്ള ധിക്കാരികളും മുർത്തദ്ദീങ്ങളുമായ ആളുകളെ അനുസരിക്കുന്നവരാക്കി ഹീറഹിലേക്ക് പോകാൻ കൽപിച്ചു. ഹദ്റത്ത് ഇയാള് ബിൻ ഗനം നബി[സ] തിരുമേനിയുടെ സ്വഹാബിയായിരുന്നു. അദ്ദേഹം ഹുദയ്ബിയ സന്ധിക്ക് മുമ്പേതന്നെ ഇസ്ലാം സ്വീകരിച്ചിരുന്നു. അതിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഹദ്റത്ത് അബൂഉബയ്ദ തന്റെ വഫാത്ത് വേളയിൽ അദ്ദേഹത്തെ ശാമിൽ തന്റെ പിൻഗാമിയായി നിശ്ചയിച്ചു. ഹദ്റത്ത് ഉമർ[റ] അദ്ദേഹത്തെ അതേ സ്ഥാനത്ത് നിലനിറുത്തിക്കൊണ്ട് പറഞ്ഞു: 'ഹദ്റത്ത് അബൂഉബയ്ദ നിശ്ചയിച്ച അമീറിനെ ഞാൻ മാറ്റുന്നതല്ല.

ഹദ്റത്ത് അബൂബക്ർ[റ] പറഞ്ഞു: ഹദ്റത്ത് ഖാലിദ് ബിൻ വലീദും ഹദ്റത്ത് ഇയാള് ബിൻ ഗനമും ഇവരിലാരാണോ ആദ്യം ഹീറഹിലെത്തുന്നത് അദ്ദേഹത്തിന് ആ പ്രദേശത്ത് സൈനിക നീക്കം നടത്തുന്നതിനുള്ള നേതൃത്വം ലഭ്യമാകുന്നതായിരിക്കും. *(ഹദ്റത്ത് അബൂബക്ർ, സിദ്ദീഖെ അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർറജിം, പേജ് 261-266, ഇശാഅത്ത് 2004)(അറ്റ്ലസ് സീറത്തുന്നബി(സ), പേജ് 68)(മുഅ്ജമുൽ ബുൽദാൻ വാള്യം 2, പേജ് 376, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 123)(ഉസുദുൽഗാബ വാള്യം 4, പേജ് 315, ദാറുൽകുതുബുൽഇൽമിയ്യ)*

ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ഖാലിദ് ബിൻ വലീദ് യമാമയിൽ നിന്ന് തിരിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർ[റ] അദ്ദേഹത്തിനെഴുതി, ഫർജുൽ ഹിന്ദ്, അതായത് ഉബുല്ലയിൽനിന്ന് തുടങ്ങുക. ഇറാഖിലെ ഉയർന്ന പ്രദേശങ്ങളിലൂടെ ഇറാഖിലെത്തുക. ജനങ്ങളെ തങ്ങളുടെകൂടെ കൂട്ടുക. അവരെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും ചെയ്യുക. അവർ അത് സ്വീകരിക്കുന്നെങ്കിൽ നല്ലത്. ഇല്ലെങ്കിൽ അവരിൽനിന്ന് ജിസ്യ വാങ്ങുക . അവർ ജിസ്യ നല്കാൻ വിസമ്മതിച്ചാൽ അവരോട് യുദ്ധം

ചെയ്യുക.' അദ്ദേഹത്തോട് ഇങ്ങനെയും പറഞ്ഞു: 'ആരെയും യുദ്ധത്തിന് പുറപ്പെടാന്‍ നിര്‍ബന്ധിക്കരുത്. മുര്‍ത്തദ്ദായ ആരെയും സഹായത്തിന് കൂട്ടുകയുമരുത്; അവര്‍ പിന്നീട് ഇസ്‌ലാം സ്വീകരിച്ചവരെണെങ്കില്‍ പോലും. ഏത് മുസ്‌ലിമിന്റെ അടുത്തുടെ പോവുകയാണെങ്കിലും അവരെ തങ്ങളോടപ്പം ചേര്‍ക്കുക. പിന്നെ ഹദ്റത്ത് അബൂബക്ര്‍[റ], ഹദ്റത്ത് ഖാലിദിന്റെ സഹായത്തിനുവേണ്ടി സൈന്യത്തെ തയ്യാറാക്കുന്ന കാര്യത്തില്‍ വ്യാപൃതനായി.*(അല്‍ ബിദായ വന്നിഹായ ലി ഇബ്നി അഥീര്‍, വാള്യം 3, ഭാഗം 6, പേജ് 338, ബഅ്ഥ ഖാലിബ്നല്‍ വലീദ് ഇലല്‍ ഇറാഖി, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റുത്ത്, 2001)*

ഹദ്റത്ത് ഖാലിദ് ബിന്‍ വലീദ് യമാമയില്‍നിന്ന് ഇറാഖിലേക്ക് പോകുന്ന സമയത്ത് തന്റെ സൈന്യത്തെ മൂന്നായി ഭാഗിച്ചിരുന്നു. എല്ലാവരേയും ഒരു സംഘമായി പറഞ്ഞയച്ചില്ല. മറിച്ച് ഹദ്റത്ത് മുഥന്നായെ രണ്ടു ദിവസം മുമ്പേ പറഞ്ഞുവിട്ടു. അദ്ദേഹത്തിനുശേഷം അദിയ്യ് ബിന്‍ ഹാതിമിനെയും ആസിം ബിന്‍ അംറിനെയും ഓരോരോ ദിവസത്തെ ഇടവേളക്കുശേഷം പറഞ്ഞയച്ചു. എല്ലാവര്‍ക്കും ശേഷം ഹദ്റത്ത് ഖാലിദ് ബിന്‍ വലീദും പുറപ്പെട്ടു. എല്ലാവരോടും ഹഫീര്‍ എന്ന സ്ഥലത്ത് ഒരുമിച്ചു കൂടാണമെന്ന വാഗ്ദാനം വാങ്ങിയിരുന്നു; അങ്ങനെ അവിടെനിന്ന് ഓര്‍ക്കാപ്പുറത്ത് ശത്രുക്കളെ ആക്രമിക്കാം. ഹഫീര്‍ ബസ്വറയില്‍നിന്ന് മക്കയിലേക്ക് പോകുന്ന വഴിയില്‍ ആദ്യത്തെ സ്ഥലമാകുന്നു. എഴുതുന്നു: ഇത് പേര്‍ഷ്യന്‍ അതിര്‍ത്തികളില്‍ പ്രതാപത്തിന്റെ കാര്യത്തില്‍ ഏറ്റവും വലുതും സുശക്തവുമായ അതിര്‍ത്തിയായിരുന്നു. അതിന്റെ ഭരണാധികാരി ഹുര്‍മുസ് ആയിരുന്നു. ഇവിടെയുള്ള സൈന്യാധിപന്‍ ഒരു ഭാഗത്ത് കരയിലൂടെ അറബികളെ എതിരിടുമായിരുന്നു. മറുഭാഗത്ത് സമുദ്രത്തിലൂടെ ഇന്ത്യക്കാരെയും നേരിട്ടു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 309, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്റുത്ത് 2012)(മുഅ്ജമുല്‍ ബുല്‍ദാന്‍ വാള്യം 2, പേജ് 319)(അല്‍കാമില്‍ ഫിത്താരീഖ് വാള്യം 2, പേജ് 239, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്റുത്ത് 2003)*

ഹദ്റത്ത് ഖാലിദിന്റെ സൈന്യബലം എണ്ണത്തില്‍ കുറവായിരുന്നു. കാരണം അതിലെ വലിയ ഭാഗം യമാമ യുദ്ധത്തില്‍ പ്രയോജനപ്പെട്ടുകഴിഞ്ഞിരുന്നു. മറ്റൊന്ന് ഹദ്റത്ത് അബൂബക്ര്‍[റ] അദ്ദേഹത്തിന് കൊടുത്ത നിര്‍ദേശം ആരെങ്കിലും ഇറാഖില്‍ പോകാന്‍ ഉദ്ദേശിക്കുന്നില്ലെങ്കില്‍ അവരെ നിര്‍ബന്ധിക്കരുത് എന്നായിരുന്നു. അതോടൊപ്പംതന്നെ ഇങ്ങനെയും ഒരു സുപ്രധാന കല്‍പന നല്‍കി: 'മുമ്പേ മുര്‍ത്തദ്ദായ ആളുകള്‍ വീണ്ടും ഇസ്‌ലാമില്‍ വന്നവരാണെങ്കില്‍ പോലും ഖലീഫയില്‍നിന്ന് പ്രത്യേക അനുമതി വാങ്ങിക്കൊണ്ടല്ലാതെ അവരെ ഇസ്‌ലാമിക സൈന്യത്തില്‍ ചേര്‍ക്കരുത്.' ഹദ്റത്ത് ഖാലിദ്[റ] ഹദ്റത്ത് അബൂബക്റിന്റെ സവിധത്തില്‍ കൂടുതല്‍ സഹായക സൈന്യത്തെ അയക്കാന്‍ വേണ്ടി എഴുതി. അദ്ദേഹം ഒരു വ്യക്തിയെ അതായത് ഖഅ്ഖാഅ് ബിന്‍ അംറിനെ മാത്രം സഹായത്തിന് അയച്ചു. ജനങ്ങള്‍ വളരെ ആശ്ചര്യപ്പെട്ട് ചോദിച്ചു. താങ്കള്‍ ഖാലിദിനെ സഹായിക്കാന്‍ കേവലം ഒരാളെയാണോ അയക്കുന്നത്? വാസ്തവത്തില്‍ സൈന്യത്തിന്റെ അധികഭാഗവും ഇപ്പോള്‍ അവരില്‍നിന്ന് വേര്‍പ്പെട്ടു പോയിരിക്കുന്നു. ഹദ്റത്ത് അബൂബക്ര്‍[റ] മറുപടിയായി പറഞ്ഞു: ഖഅ്ഖാഅ് ഉള്‍പ്പെടുന്ന സൈന്യം പരാജയപ്പെടാന്‍ സാധ്യമല്ല. എങ്കിലും ഖഅ്ഖാഅന്റെ കൈയില്‍ അദ്ദേഹം ഖാലിദിന് ഒരു കത്തയച്ചിരുന്നു. അതില്‍ ഇങ്ങനെ എഴുതിയിട്ടുണ്ടായിരുന്നു: നബി[സ]തിരുമേനിയുടെ കാലം മുതല്‍ ഇസ്‌ലാമില്‍ തുടര്‍ന്ന് വരുന്നവരെയും മുര്‍ത്തദ്ദീങ്ങള്‍ക്കെതിരില്‍ യുദ്ധത്തില്‍ പങ്കെടുത്തവരെയും നിങ്ങളുടെ സൈന്യത്തില്‍ ചേരാന്‍ പ്രേരിപ്പിക്കുക.' ഈ കത്ത് കിട്ടിയപ്പോള്‍ ഹദ്റത്ത് ഖാലിദ് തന്റെ സൈന്യത്തെ ക്രമീകരിക്കാന്‍ തുടങ്ങി. *(ഹദ്റത്ത് അബൂബക്ര്‍, സിദ്ദീഖെ അക്ബര്‍, മുഹമ്മദു ഹുസയ്ന്‍ ഹയ്ക്കില്‍ മുത്തര്‍റജിം, പേജ് 268, ഇശാഅത്ത് 2004)*

ഇറാഖിലെ കൃഷിക്കാരെ സംബന്ധിച്ച് ഹദ്റത്ത് അബൂബക്ര്‍[റ] വസ്വിയ്യത്ത് ചെയ്തിട്ടുണ്ടായിരുന്നു. അതിലെ യുക്തിഭദ്രമായ നീക്കങ്ങളെ കുറിച്ച് എഴുതുന്നു: അറേബ്യക്കാര്‍ ഇറാഖിന്റെ ഭൂമിയില്‍ കൃഷിപ്പണി ചെയ്തിരുന്നു. വിളവ് തയ്യാറാകുമ്പോള്‍ അവര്‍ക്ക് വളരെ ചെറിയൊരംശമാണ് ലഭിച്ചിരുന്നത്. ഭൂരിഭാഗവും ഇറാനിലെ ജന്മികള്‍ക്കാണ് ലഭിച്ചിരുന്നത്. അവരായിരുന്നു ആ ഭൂമിയുടെ ഉടമസ്ഥാവകാശികള്‍. ഈ ഭൂ ഉടമകള്‍ സാധുക്കളായ അറബികളെ ഒരുപാട് ദ്രോഹിച്ചിരുന്നു. അവരോട് അടിമകളേക്കാള്‍ മോശമായ രീതിയിലാണ് പെരുമാറിയിട്ടുണ്ടായിരുന്നത്. ഹദ്റത്ത് അബൂബക്ര്‍[റ] ഇറാഖിലെ തന്റെ സൈനീകരോട് പറഞ്ഞു: 'യുദ്ധത്തിന്നിടയില്‍ ഈ അറേബ്യന്‍ കര്‍ഷകര്‍ക്ക് ഒരു പ്രയാസവും ഉണ്ടാക്കരുത്. അവരെ വധിക്കുകയോ ബന്ദികളാക്കുകയോ ചെയ്യരുത്. അതായത് അവരോടൊരിക്കലും മോശമായി പെരുമാറരുത്. കാരണം അവരും ഇവരെപോലെതന്നെ അറബികളാകുന്നു. അവര്‍ ഇറാനികളുടെ ദ്രോഹത്തിന്റെ ആട്ടുകല്ലുകളില്‍ അരക്കപ്പെടുകയാണ്.അവരെ ഓര്‍മിപ്പിക്കേണ്ടത് അവിടെയും അറബികളുടെ രാജ്യം സ്ഥാപിക്കപ്പെടുകയാണെങ്കില്‍ അവരുടെ മര്‍ദിത ജീവിതം അവസാനിക്കുമെന്നാണ്. അങ്ങനെ അവര്‍ക്ക് തങ്ങളുടെ ആളുകള്‍ കാരണം യഥാര്‍ഥ നീതിയും ന്യായവും അനുവദനീയമായ സ്വാതന്ത്ര്യവും സമത്വവും ലഭിക്കുന്നതാണ്.' ഹദ്റത്ത് അബൂബക്ര്‍[റ]ന്റെ ഈ യുക്തിഭദ്രമായ നീക്കം മുസ്‌ലിമീങ്ങള്‍ക്ക് ഒരുപാട് ഉപകാരപ്പെട്ടു. അവരുടെ വിജയവീഥികളില്‍ ഒരുപാട് എളുപ്പമുണ്ടായി. മുമ്പോട്ടുള്ള നീക്കത്തില്‍ പിന്നില്‍നിന്ന് ആക്രമണം ഉണ്ടാകുമെന്ന ആശങ്ക അകലുകയും ചെയ്തു. *(ഹദ്റത്ത് അബൂബക്ര്‍, സിദ്ദീഖെ അക്ബര്‍, മുഹമ്മദു ഹുസയ്ന്‍ ഹയ്ക്കില്‍ മുത്തര്‍റജിം, പേജ് 267-268, ഇശാഅത്ത് 2004)*

ഹദ്റത്ത് ഖാലിദ് ബിന്‍ വലീദ് നിബാജ് എന്ന സ്ഥലത്ത് താവളമടിക്കുമ്പോള്‍ ഹദ്റത്ത് മുഥന്നാ തന്റെ സൈന്യത്തോടപ്പം ഖഫ്ഫാന്‍ എന്ന സ്ഥലത്തുണ്ടായിരുന്നു.

നിബാജ് ബസ്റക്കും യമാമക്കും ഇടയിലുള്ള സ്ഥലമായിരുന്നു. ഖഫ്ഫാന്‍ കൂഫക്ക് അടുത്തുള്ള ഒരു സ്ഥലമായിരുന്നു. ഹദ്റത്ത് ഖാലിദ് ഹദ്റത്ത് മഥന്നായ്ക്ക് ഒരു കത്തെഴുതിക്കൊണ്ട് തന്റെ അടുത്ത് വിളിച്ചു. അതോടൊപ്പം ഹദ്റത്ത് അബൂബക്ര്‍[റ], ഹദ്റത്ത് മുഥന്നാ ബിന്‍ ഹാരിഥയോട് ഹദ്റത്ത് ഖാലിദിനെ അനുസരിക്കാന്‍ കല്‍പിച്ചുകൊണ്ടു നല്‍കിയ കത്തും അയക്കുകയുണ്ടായി. *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 308, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്റുത്ത് 2012) (ഫര്‍ഹങ്കെ സീറത്ത് പേജ് 296, സവാര്‍ അക്കാഡമി കറാച്ചി)(മുഅ്ജമുല്‍ ബുല്‍ദാന്‍ വാള്യം 2, പേജ് 434, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റുത്ത്)*

ഈ എല്ലാ ചരിത്രവും താരിഖ് ത്വബരിയുടെ നിവേദനങ്ങളാണ്. ആദ്യം അതായിരുന്നു പിന്നീട് ഇതായിരുന്നു. അതായത് ഹദ്റത്ത് അബൂബക്ര്‍ സ്വയം ഹദ്റത്ത് ഖാലിദിനെ അയച്ചതായിരുന്നു. ഏതായിരുന്നാലും പിന്നീട് യുദ്ധങ്ങളുണ്ടായി. ഏതേതെല്ലാം യുദ്ധങ്ങളാണ്? അവയുടെ പേരെന്തായിരുന്നു? അവയുടെ വിജയങ്ങളുടെ ചര്‍ച്ച തുടങ്ങിയവ ഇന്‍ശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്. മുസ്‌ലിമീങ്ങള്‍ ഇറാനികള്‍ക്കെതിരില്‍ ഇറാഖിന്റെ പ്രദേശത്ത് യുദ്ധങ്ങള്‍ ചെയ്തു. അല്ലാഹു അവയില്‍ മുസ്‌ലിമീങ്ങള്‍ക്ക് ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്ത് കാലത്ത് നല്കിയ വിജയങ്ങളെ കുറിച്ച് ചര്‍ച്ചതുടരുന്നതായിരിക്കും ഇന്‍ശാഅല്ലാഹ്.

## വാര്‍ഷിക ഇജ്തിമാകള്‍ 2022

സയ്യിദുനാ അമീറുല്‍മുഅ്മിനീന്‍ അയ്യദഹുല്ലാഹ് ഉപസംഘടനകളായ മജ്‌ലിസ് ഖുദ്ദാമുല്‍അഹ്മദിയ്യ,മജ്‌ലിസ് അന്‍സ്വാറുല്ലാഹ്, ലജ്ന ഇമാഇല്ലായുടെ വാര്‍ഷിക ഇജ്തിമാകള്‍ 2022 ഒക്ടോബര്‍ 21, 22, 23 തിയതികളില്‍ നടത്താന്‍ സമ്മതം നല്‍കിയിരിക്കുന്നു. എല്ലാവരും ദുആയോടുകൂടി ഈ ഇജ്തിമാകളില്‍ പങ്കെടുക്കാന്‍ എല്ലാ വിധത്തിലും ശ്രമിക്കുക.

***(സ്വദ്ര്‍***
***മജ്‌ലിസ് ഖുദ്ദാമുല്‍ അഹ്മദിയ്യ ഭാരത്)***

mta INTERNATIONAL
WATCH LIVE
for children's classes, friday semons and more

www.alislam.org
Al Islam - Official website of Ahmadiyya Muslim Community

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 18 August 2022 Issue-33

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

പേജ് 1 ൽ നിന്ന്

ക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു) എന്ന 91-ാമത്തെ വചനത്തിന് നല്കിയ തഫ്സീറിൽ പറയുന്നു:

'നോക്കുക എത്ര ചെറിയ ആയത്താണ്. എന്നാൽ, ഇതിൽ പൂർത്തീകരണത്തിന്റെ(നെഗറ്റീവും പോസിറ്റീവുമായിട്ടുള്ള) രണ്ടു വശങ്ങളും എത്ര സവിശേഷതയോടും സുന്ദരശൈലിയിലുമാണ് സമാഹരിക്കപ്പെട്ടിരിക്കുന്നത്. മൂന്നു കാര്യങ്ങൾ അതായത് അദ്ൽ, ഇഹ്സാൻ, ഈത്താഇദിൽ ഖുർബാ ചെയ്യാൻ കല്പിക്കപ്പെട്ടിരിക്കുന്നു. മൂന്നു കാര്യങ്ങളിൽനിന്ന് അതായത് ഫഹ്ശാഅ്, മുൻകിർ, ബഗ്‌യിൽനിന്ന് തടയപ്പെട്ടിരിക്കുന്നു. അദ്ൽ എന്നതിന്റെ അർത്ഥം 'സമനിലയിലാക്കുക' എന്നാണ്. അതായത് മനുഷ്യൻ മറ്റുള്ളവരോടു തന്റെ കൈകൾ ചെയ്യുന്നതുപോലെ പെരുമാറുകയും കാര്യങ്ങളിൽ ഇടപെടുകയും ചെയ്യുക. അവനിൽ അക്രമം ചെയ്യപ്പെടുകയാണെങ്കിൽ എത്ര അക്രമമാണോ ചെയ്യപ്പെട്ടത് അത്രമാത്രം പകരം ചെയ്യാവുന്നതാണ്. എന്നാൽ, അതിനെക്കാൾ കൂടുതൽ കാഠിന്യം കാണിക്കാൻ പാടില്ല. ഇനി ആരെങ്കിലും അവനോടു നല്ലപെരുമാറ്റം കാണിക്കുന്നുവെങ്കിൽ അവന്റെ നിർബന്ധ കടമയാണ് അതേതോതിൽ അങ്ങോട്ടും നല്ലപെരുമാറ്റം കാണിക്കുക എന്നത്.

അല്ലാഹുവിനോടു നീതി കാണിക്കുക എന്നതിന്റെ അർത്ഥം എപ്രകാരമാണോ അല്ലാഹു അവനോടു നല്ല പെരുമാറ്റം കാണിച്ചത് ഇവനും അവനോടുള്ള കടമ നിറവേറ്റുകയും തന്റെ അസ്തിത്വംകൊണ്ട് അല്ലാഹുവിനെ ആക്ഷേപിക്കാനുള്ള അവസരം ഉണ്ടാക്കാതിരിക്കുകയും ചെയ്യുക. ഇപ്രകാരംതന്നെ അവന്റെ അവകാശം അല്ലാഹു അല്ലാത്തവർക്ക് നല്കാതിരിക്കുക. അന്യാരാധനയിൽ അകപ്പെടാതിരിക്കുക. കാരണം ശിർക്ക് ചെയ്യുക എന്നത് അല്ലാഹുവിന്റെ അവകാശം തട്ടിയെടുത്ത് മറ്റുള്ളവർക്ക് കൊടുക്കുക എന്നാണ്. ഇക്കാരണത്താൽ വിശുദ്ധ ഖുർആനിൽ ശിർക്കിന്റെ പേര് അക്രമമെന്നും വെക്കപ്പെട്ടിരിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ പുത്രൻ അല്ലെങ്കിൽ ഭാര്യ അല്ലെങ്കിൽ അവനോടു ആരെയെങ്കിലും പങ്കാളിയായി നിശ്ചയിക്കുക 'അദ്ൽ' അഥവാ നീതിയല്ല. പ്രത്യുത അക്രമമാണ്. കാരണം അക്രമം എന്നു പറയുന്നത് ഒരാളുടെ അവകാശം മറ്റാരെയെങ്കിലും ഏല്പിക്കുക എന്നാണ്. അപ്രകാരം തന്നെ അല്ലാഹുവിന്റെ സ്വിഫത്തുകളെ സ്വന്തത്തിലേക്ക് കൂട്ടിച്ചേർക്കുന്നതും അദ്‌ലിന് വിരുദ്ധമാണ്. ഉദാഹരണത്തിന് ശരീഅത്തുണ്ടാക്കുകയും ഇൽഹാം ഇറക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. ഇപ്പോൾ ഏതെങ്കിലും വ്യക്തി സ്വയമേവ ശരീഅത്തുണ്ടാക്കുന്ന വാദിയായിരിക്കുകയോ അല്ലെങ്കിൽ ബഹാഉല്ലായെ പോലെ ഇൽഹാം ഇറക്കുന്ന ആളായിരിക്കുകയോ ചെയ്താൽ അയാൾ അദ് ലിനെ ലംഘിക്കുകയാണ് ചെയ്യുന്നത്. മനുഷ്യൻ അല്ലാഹുവിനോടു നീതി കാണിക്കുകയാണെങ്കിൽ ശിർക്കും കുഫ്റും ആജ്ഞാലംഘനവുമെല്ലാം മാഞ്ഞു പോകുന്നതാണ്.

അദ്‌ലിനെക്കാളുപരി രണ്ടാമത്തെ ദർജ ഇഹ്സാൻ എന്നു പറഞ്ഞിരിക്കുന്നു. ഇഹ്സാൻ എന്നതിന്റെ ഉള്ളടക്കം ഇതാണ്;മറ്റുള്ളവർ നമ്മളോടു എങ്ങനെ പെരുമാറുന്നുവെന്ന് നോക്കാതിരിക്കുക. എന്നല്ല അയാൾ നമ്മളോടു ദുഷ്പെരുമാറ്റം കാണിക്കുന്നുവെങ്കിൽ അപ്പോഴും അവനോടു സൽപെരുമാറ്റം തന്നെ കാണിക്കുക. ഈ സ്ഥാനം ആദ്യത്തെ സ്ഥാനത്തെക്കാൾ വലുതാണ്. മാപ്പുകൊടുക്കുക, വിട്ടുവീഴ്ച ചെയ്യുക, ദരിദ്രരെ സഹായിക്കുക, ദാനധർമങ്ങൾ ചെയ്യുക, സാമൂഹികമായി സേവനങ്ങൾ ചെയ്യുക തുടങ്ങിയ നന്മകളെല്ലാം അതിൽ അടങ്ങിയിരിക്കുന്നു.

അറിവുകളുടെ അഭിവൃദ്ധിക്കും ക്രമീകരണത്തിനുംവേണ്ടി പരിശ്രമിക്കുക എന്നതും അതിന്റെ ഉള്ളിൽ വരുന്നു. കാരണം അതിന്റെ ഫലമായി നമ്മുടെ ആളുകൾക്കും അന്യരായവർക്കും ഭൗതികവും ആത്മീയവുമായ സൗഖ്യമെത്തുന്നു.

മൂന്നാമത്തെ സ്ഥാനം ഈത്താഇദിൽ ഖുർബായുടേതാണെന്ന് പറഞ്ഞിരിക്കുന്നു. ഇതിന്റെ അർത്ഥം "ബന്ധുക്കൾക്ക് കൊടുക്കുക അല്ലെങ്കിൽ ബന്ധുക്കളുടേത് കൊടുക്കുക" എന്നാണ്. ആയത്തിന്റെ ഉദ്ദേശ്യം ഇതാണ്: ഒരു ബന്ധു മറ്റൊരു ബന്ധുവിനോടു പെരുമാറുന്നതുപോലെ മനുഷ്യകുലത്തോടു പെരുമാറുക.

ഈ പെരുമാറ്റംകൊണ്ട് ഇഹ്സാനിന്റെ പെരുമാറ്റമല്ല ഉദ്ദേശ്യം. അത് സ്വാഭാവികമായ സ്നേഹം കാരണത്താൽ പകരമെന്ന ചിന്തകൂടാതെ ചെയ്യുന്നതാണ്. ഇഹ്സാൻ ചെയ്യുന്ന നേരത്ത് മനുഷ്യൻ ചിന്തിക്കുന്നത് ഇന്നയാൾ തന്നോടു നല്ലനിലയിൽ പെരുമാറിയെന്നും തനിക്ക് സൽപേരുണ്ടാകുന്നതിന് താനതിനെക്കാൾ നന്നായി അയാളോടു പെരുമാറുമെന്നുമാണ്. അല്ലെങ്കിൽ പാപിയുടെ തെറ്റ് മാപ്പാക്കുമ്പോൾ താൻ അവനോടു നല്ല രീതിയിൽ പെരുമാറിയാൽ അവന്റെ മനസ്സിൽനിന്ന് വെറുപ്പ് പുറത്തുപോകുമെന്നും അവനെന്റെ സ്നേഹിതനായി എന്റെ കരുത്തിന് നിമിത്തമാകുമെന്നുമുള്ള ചിന്തയുണ്ടാകുന്നു. പക്ഷേ, മാതാവ് തന്റെ കുട്ടിയെ സ്നേഹിക്കുന്നതും അവനുവേണ്ടി ത്യാഗം ചെയ്യുന്നതും അല്പം പോലും എന്തെങ്കിലും പ്രതിഫലം കിട്ടുമെന്ന ആഗ്രഹത്താലല്ല. പ്രത്യുത അവരുടെ സ്നേഹത്തിന്റെ അടിത്തറ തന്റെതന്നെ ത്യാഗത്തിന്മേലാണ്. കുട്ടികളുണ്ടാകാത്ത ഒരു സ്ത്രീയുടെ മനസ്സിൽ തനിക്ക് ആൺകുട്ടിയുണ്ടായിരുന്നെങ്കിൽ അവനെന്നെ സേവിക്കുമായിരുന്നു എന്ന ചിന്ത ഒരിക്കലുമുണ്ടാകുകയില്ല. പ്രത്യുത അവൾക്ക് കുട്ടികളുണ്ടാകണമെന്ന ആഗ്രഹമുണ്ടാകുന്നത് താൻ അവനെ വളർത്തുമെന്നും അവനെ സേവിക്കുമെന്നും അവന് വസ്ത്രമിട്ടുകൊടുക്കുമെന്നും അവനെ വിവാഹം കഴിപ്പിക്കുമെന്നും അവന്റെ കുട്ടികൾക്ക് ഭക്ഷണം കൊടുക്കുമെന്നുമുള്ള വികാരത്തോടു കൂടിയായിരിക്കും. ചുരുക്കത്തിൽ കുട്ടികളുണ്ടാകണമെന്ന ആഗ്രഹത്തിന്റെ നേരത്ത് മാതാവിന്റെ മനസ്സിൽ തനിക്ക് അവൻ എന്തെങ്കിലും സേവനം ചെയ്യണമെന്ന ആഗ്രഹം ലവലേശമുണ്ടാകുകയില്ല. പ്രത്യുത അവളുടെ ആഗ്രഹത്തിന് നിമിത്തം കുട്ടികൾക്ക് സേവനം ചെയ്യുന്നതിന്റെ താൽപര്യമായിരിക്കും. ഈ നന്മയുടെ വികാരമാണ് മനുഷ്യന്റെ ഏറ്റവും വലിയ നന്മ. ഇതു കിട്ടിയതിനുശേഷം മനുഷ്യന്റെ ധാർമികപരമായ അസ്തിത്വം സമ്പൂർണമാകുന്നു. അല്ലാഹു പറയുന്നു: ഇഹ്സാൻ എന്ന സ്ഥാനം കരസ്ഥമാക്കിയതിനുശേഷം എടുക്കുന്നതിനെക്കാൾ കൂടുതൽ കൊടുക്കുന്നതിന് ആഗ്രഹമുണ്ടാകുമ്പോൾ ആ നന്മയുടേയും സ്ഥാനം കരസ്ഥമാക്കുക. അതായത് മനുഷ്യകുലം മുഴുവനും നിങ്ങളുടെ മക്കളായി കാണാൻ തുടങ്ങുകയും അവരെ സേവിക്കാനുള്ള ആവേശം, ഒരു മാതാവിന്റേ മനസ്സിൽ തന്റെ കുട്ടിയോടുള്ളസ്നേഹം അലയടിച്ചുയർന്നുകൊണ്ടിരിക്കുന്നതുപോലെ നിങ്ങളുടെ മനസ്സിൽ ഉണ്ടാകുകയും ചെയ്യുക.*(തഫ്സീറെ കബീർ, വാള്യം 4, പേജ് 220, പ്രസാധനം ഖാദിയാൻ 2010)*

## 127-ാമത് ജൽസസാലാന ഖാദിയാൻ 2022 ഡിസംബർ 23, 24, 25 തിയതികളിൽ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽഅസീസ് 127-ാമത് ഖാദിയാൻ ജൽസ 2022 ഡിസംബർ 23,24,25 തിയതികളിൽ (വെള്ളി, ശനി ഞായർ)നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന് നിയ്യത്തോടുകൂടി തയ്യാറെടുപ്പ് തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസസാലാന എല്ലാവിധത്തിലും വിജയപ്രദവും അനുഗൃഹീതവും അപ്രകാരംതന്നെ ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തവും ആകുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക.*(നാള്വിർ ഇസ്വ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെ തന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin